## അല്ലാഹുവിന്റെ വചനം

وَاِذَا رَاَ الَّذِيْنَ ظَلَمُوا الْعَذَابَ فَلَا يُخَفَّفُ عَنْهُمْ وَلَا هُمْ يُنْظَرُوْنَ○

(النّحل:86)

അക്രമം പ്രവർത്തിച്ചവർ ശിക്ഷയെ കണ്ടാൽ അവരിൽനിന്ന് അതു ലഘൂകരിക്കപ്പെടുകയില്ല. അവർക്ക് അവധി നല്കപ്പെടുകയുമില്ല.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 9

ലക്കം 49

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഡിസംബർ 05/ഹി.ശം 1403 ഫതഹ് 05/ഹി:ഖ 1446 ജമാദുൽ ആഖർ 02


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

❁ ഹദ്റത്ത് സ്വുഹയ്ബ്ؓ വിവരിക്കുന്നു: നബിﷺതിരുമേനി പറഞ്ഞു: മുഅ്മിന്റെ കാര്യവും അത്ഭുതകരമാണ്. അവന്റെ കാര്യം അടിമുടി നന്മയാകുന്നു. ഇത് മുഅ്മിനല്ലാതെ മറ്റാർക്കുമില്ല. അവനെന്തെങ്കിലും സന്തോഷമുണ്ടായാൽ നന്ദി കാണിക്കുന്നു. ഇത് അവന് നന്മയാണ്. അവനെന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ക്ഷമിക്കുന്നു. ഇതും അവന് നന്മയാണ്. (മുസ്‌ലിം കിതാബുസ്സുഹ്ദ്)

❁ ഹദ്റത്ത് അബൂഹുറയ്റؓ നിവേദനം. നബിﷺതിരുമേനി പറയാറുണ്ടായിരുന്നു. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം. നിങ്ങളുടെ പിതാവിനെക്കാളും നിങ്ങളുടെ മക്കളെക്കാളും കൂടുതൽ ഞാൻ നിങ്ങൾക്ക് പ്രിയങ്കരനാകാത്തിടത്തോളം നിങ്ങൾ മുഅ്മിനാകുകയില്ല. (ബുഖാരി കിതാബുൽഈമാൻ)

❁ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്ؓ വിവരിക്കുന്നു. നബിﷺ തിരുമേനി പറഞ്ഞു: നിങ്ങൾ സ്വർഗത്തിന്റെ തോട്ടങ്ങളിലൂടെ നടക്കുമ്പോൾ നല്ലവണ്ണം മേഞ്ഞുകൊള്ളുക. സ്വഹാബത്ത് ചോദിച്ചു: രിയാളുൽ ജന്ന കൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അവിടന്ന് പറഞ്ഞു: വിജ്ഞാനങ്ങളുടെ സദസ്സ്. (അത്തർഗീബ് വത്തർഹീബ്, കിതാബുൽഇൽമ്)

**അല്ലാഹു നട്ട ചെടി വൃത്തികെട്ട ഈ ആളുകളുടെ ഊത്തുകൾകൊണ്ട് ഇല്ലാതാകുക എന്നത് ഒരിക്കലും സംഭാവ്യമല്ല. അവർ അല്ലാഹുവിൽനിന്നുള്ളവരാണെന്നതിന് ഈയൊരു അടയാളവും വ്യത്യാസവുമാണുണ്ടാകുന്നത്. അതായത് അവരെ നശിപ്പിക്കുന്നതിന് എതിരാളികൾ ശ്രമിക്കുന്നു. എന്നാൽ, അവർ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

"അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമം എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നതെന്നാൽ, അവനിലേക്ക് ചുവടുവെക്കുന്ന ഓരോ വ്യക്തിയ്ക്കുവേണ്ടിയും പരീക്ഷണം തീർച്ചയായും വെച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: ***അഹസിബന്നാസു അൻയ്യുതറ്ക്കൂ അൻയ്യഖൂലൂ ആമന്നാ വഹും ലായുഫ്തനൂൻ*** പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ ശീലമാണ്. അദൃശ്യങ്ങൾ അറിയുന്ന അല്ലാഹുവിന് പരീക്ഷിക്കേണ്ട ആവശ്യമെന്താണെന്ന് ചിന്തിക്കരുത്. ഇതു നമ്മൾ മനസ്സിലാക്കുന്നതിന്റെ പിഴവാണ്. അല്ലാഹു പരീക്ഷണത്തിന്റെ ആശ്രിതനല്ല; മനുഷ്യൻതന്നെയാണ് ആശ്രിതൻ. തന്റെ അവസ്ഥയെ കുറിച്ച് അവനറിയുന്നതിനും തന്റെ ഈമാനിന്റെ സത്യാവസ്ഥ തുറക്കുന്നതിനും വേണ്ടിയാണിത്. ഭിന്നാഭിപ്രായങ്ങൾ കേട്ട് തോൽപിക്കപ്പെട്ടവനാകുകയാണെങ്കിൽ അശക്തനാണെന്ന് സമ്മതിക്കേണ്ടിവരുന്നു. എത്രത്തോളം വിജ്ഞാനങ്ങളും കലകളും ലോകത്തുണ്ടോ പരീക്ഷണം കൂടാതെ അവയെ മനസ്സിലാക്കാൻ പറ്റുകയില്ല. ദൈവത്തിന്റെ പരീക്ഷണമെന്നു പറയുന്നത് ഇതുതന്നെയാണ്, അതായത് മനുഷ്യൻ തന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കുക. ഇക്കാരണത്താലാണ് ദൈവനിയോഗിതർക്ക് തീർച്ചയായും ശത്രുക്കളുണ്ടാകുന്നത്. അവൻ അവർക്ക് ദുഃഖങ്ങളും വിഷമങ്ങളുമുണ്ടാക്കുന്നു. നിന്ദിക്കുന്നു. അത്തരം നേരത്ത് സൽപ്രകൃതക്കാർ തങ്ങളുടെ തെളിമയാർന്ന വിവേക ബുദ്ധികൊണ്ട് അവരുടെ സത്യസാക്ഷ്യം പ്രാപിക്കുന്നു. അതിനാൽ ദൈവനിയോഗിതന്റെ എതിരാളുകളുടെ സാന്നിദ്ധ്യം നിർബന്ധമാണ്;പൂക്കളോടൊപ്പം മുള്ളുകളുമുള്ളതുപോലെ. ഔഷധവുമുണ്ട്. വിഷങ്ങളുമുണ്ട്. എതിർപ്പുണ്ടാകാത്ത ഏതെങ്കിലും നബിയുടെ കാലത്തെ കുറിച്ച് ആരെങ്കിലും നമുക്കൊന്നു പറഞ്ഞുതരട്ടെ. അവർ അദ്ദേഹത്തെ കച്ചവടക്കാരനെന്നും ചതിയനെന്നും കള്ളനെന്നും കറ്റുകെട്ടുകാരനെന്നും പറയാതിരുന്നതായിട്ട്! മൂസാؑയ്ക്കുമേലും കറ്റുകെട്ടിപ്പറഞ്ഞു. എത്രത്തോളമെന്നാൽ ഒരു ദുർഭഗൻ വ്യഭിചാരാരോപണം ഉന്നയിച്ചു. ഒരു സ്ത്രീയെ അതിന് സാക്ഷിയായി കൊണ്ടുവരികയും ചെയ്തു. ചുരുക്കത്തിൽ ആളുകൾ പരീക്ഷിക്കപ്പെടാൻ അവരുമേൽ എല്ലാ തരത്തിലുള്ള കറ്റുകെട്ടുകളും ആരോപിക്കുന്നു. അല്ലാഹു നട്ട ചെടി വൃത്തികെട്ട ഈ ആളുകളുടെ ഊത്തുകൾകൊണ്ട് ഇല്ലാതാകുക എന്നത് ഒരിക്കലും സംഭാവ്യമല്ല. അവർ അല്ലാഹുവിൽനിന്നുള്ളവരാണെന്നതിന് ഈയൊരു അടയാളവും വ്യത്യാസവുമാണുണ്ടാകുന്നത്. അതായത് അവരെ നശിപ്പിക്കുന്നതിന് എതിരാളികൾ ശ്രമിക്കുന്നു. എന്നാൽ,

ശേഷം പേജ് 11 ൽ

**ഈ മുഴുവൻലോകവും ഇസ്‌ലാമിക തൗഹീദിനെ അഥവാ ഏകദൈവ വിശ്വാസത്തെ സ്വായത്തമാക്കിക്കൊണ്ടിരിക്കുന്നു.**
**അന്യാരാധകരായ ജനതകൾ അന്യാരാധന നടത്തിക്കൊണ്ടിരുന്നിട്ടും തൗഹീദിനെ നിഷേധിക്കാനുള്ള തന്റേടം അവർക്കുണ്ടാകുന്നില്ല.**
**ലോകം എത്രതന്നെ എതിർത്താലും അവാസനം മുഹമ്മദു റസൂലുല്ലാഹ്ﷺ സമർപിച്ചുകൊണ്ടിരിക്കുന്ന അധ്യാപനം ലോകത്ത് വിജയിക്കുന്നതായിരിക്കും.**

**ഇന്നക്ക ലഅലാ ഹുദൻമ്മുസ്തഖീം** 'നീ നേർമാർഗത്തിൽത്തന്നെയാണ് ' എന്നു പറഞ്ഞുകൊണ്ട് ഇങ്ങനെയൊരു പ്രവചനം ചെയ്തിരിക്കുകയാണ്. ലോകം എത്രതന്നെ എതിർത്താലും അവസാനം മുഹമ്മദു റസൂലുല്ലാഹ്ﷺ സമർപിച്ചുകൊണ്ടിരിക്കുന്ന അധ്യാപനം ലോകത്ത് വിജയിക്കുന്നതായിരിക്കും. ഒരുനാൾ ഇസ്‌ലാമിക കൊടികൾക്കു മുമ്പിൽ സകല മതങ്ങളുടേയും കൊടികൾ തലകുനിക്കുന്നതായിരിക്കും. നിങ്ങൾ നോക്കുക, നബിﷺതിരുമേനി ഏകദൈവവിശ്വാസം സമർപിച്ചപ്പോൾ അക്കാലത്ത് ലോകത്തിന്റെ അവസ്ഥ എന്തായിരുന്നു. ക്രിസ്ത്യാനികൾ മൂന്നുദൈവത്തെ വിശ്വസിക്കുന്നവരായിരുന്നു. സർദശ്തി പ്രകാശത്തേയും ഇരുട്ടിനേയും വെവ്വേറെ ദേവതകളെന്ന് നിശ്ചയിച്ചിരുന്നു. അഗ്നിയാരാധകർ അഗ്നിയെ പൂജിച്ചിരുന്നു. ബിംബങ്ങളുടെ പൂജാരി ലാത്തും മനാത്തും തങ്ങളുടെ ദൈവമാണെന്ന് നിശ്ചയിച്ചുറപ്പിച്ചിരുന്നു. ലോകം മുഴുവൻ ശിർക്ക് കൊണ്ട് അഥവാ അന്യാരാധനകൊണ്ട് നിറഞ്ഞിരുന്നു. എന്നാൽ, ഇസ്‌ലാം സമർപിച്ച തൗഹീദ് അഥവാ ഏകദൈവവിശ്വാസം ഇന്ന് ലോകത്ത് എത്രമാത്രം വിജയിച്ചുകഴിഞ്ഞിരിക്കുന്നുവെന്നാൽ ക്രിസ്ത്യാനികളും തങ്ങളെ ഏകദൈവ വിശ്വാസിയെന്ന് പറയുന്നു. ബിംബങ്ങളുടെ പൂജാരിയും ദൈവം ഒന്നേയുള്ളുവെന്ന് സമ്മതിക്കുന്നു. ഈ ബിംബം വെറുമൊരു ഇടനിലക്കാരനാണ്. ഇവ മുഖേന ദൈവസന്നിധിവരെ എത്തപ്പെടുന്നു. വാസ്തവത്തിൽ ദൈവം ഏകനാണെന്ന് ഇസ്‌ലാം വാദിച്ചപ്പോൾ ആ നേരത്ത് മക്കയിലെ ആളുകൾക്ക് ആ വാദത്തിൽ എത്രമാത്രം അത്ഭുതമുണ്ടായെന്നാൽ അവർ ഇങ്ങനെ പറയാൻ തുടങ്ങി. **അ ജഅലൽആലിഹത്ത ഇലാഹൻവ്വാഹിദൻ – ഇന്ന ഹാദാ ലശയ്ഉൻ ഉജാബ്**

ശേഷം പേജ് 10 ൽ

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ലക്കത്തിൽ**


ജുമുഅ ഖുത്വ്ബ
01 നവംബർ 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
ജർമ്മൻ പര്യടനം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

"സഅ്ദിന്റെ തീരുമാനം സ്വതവേ കഠിനമാണെന്ന് കരുതിയാൽപ്പോലും അതൊരിക്കലുംതന്നെ നീതിക്കും ന്യായത്തിനും എതിരല്ലായിരുന്നു. തീർച്ചയായും യഹൂദികളുടെ കുറ്റത്തിന്റെ നിലവാരവും മുസ്‌ലിമീങ്ങളുടെ സംരക്ഷണവും അവർക്ക് നൽകപ്പെട്ട ശിക്ഷ തന്നെയാണ് വേണ്ടതെന്ന് പറയുന്നു. മാത്രമല്ല, ഈ തീരുമാനം യഹൂദ ന്യായപ്രമാണത്തിന് അനുസൃതവുമായിരുന്നു. കൂടാതെ, ആരംഭകാലത്തുണ്ടാക്കിയ ഉടമ്പടിയനുസരിച്ച് അങ്ങനെ ചെയ്യേണ്ടതും അനിവാര്യമായിരുന്നു. കാരണം, അതനുസരിച്ചു മുസ്‌ലിമീങ്ങൾ യഹൂദികളെ സംബന്ധിച്ചിടത്തോളം അവരുടെ ശരീഅത്തനുസരിച്ച് തീരുമാനം കൽപ്പിക്കാൻ ബാധ്യസ്ഥരായിരുന്നു. എങ്കിൽ പോലും തീരുമാനമെടുത്തത് സഅ്ദ് ബിൻ മുആദായിരുന്നു. നബിﷺതിരുമേനി അല്ലായിരുന്നു. സഅ്ദിനുമേൽത്തന്നെയാണ് അതിന്റെ ആദ്യത്തെയും അവസാനത്തെയും ഉത്തരവാദിത്വം വന്നുചേരുന്നത്. നബിﷺതിരുമേനിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രാധിപനെന്ന നിലയിൽ പ്രസ്തുത തീരുമാനം തന്റെ ഭരണകൂടത്തിന്റെ സംവിധാനത്തിന് കീഴിൽ നടപ്പാക്കുക മാത്രമാണ് ചെയ്തത്."
(സീറത്ത് ഖാത്തമുന്നബിയ്യീൻ)

---

"ബനൂ ഖുറയ്ള ഏതെങ്കിലുമൊരു കുറ്റം മാത്രമല്ല ചെയ്തത്. മറിച്ച് അവർ വിശ്വാസവഞ്ചനയും നന്ദികേടുമാണ് കാണിച്ചത്. കരാർ ലംഘനവും കുഴപ്പവുമാണുണ്ടാക്കിയത്. കലാപവും വധശ്രമവുമാണ് നടത്തിയത്. ഈ കുറ്റങ്ങളെല്ലാം അവർ ചെയ്ത, ഘട്ടമെന്ന് പറയുന്നത് ഒരു കുറ്റം വളരെ ഭയാനകമായ അവസ്ഥയിലെത്തുന്ന സാഹചര്യത്തിലായിരുന്നു. ലോകത്തുള്ള പക്ഷപാതരഹിതമായ ഒരു കോടതിക്കും അവരുടെ കേസിൽ ഒഴികഴിവുകൊടുക്കാനുള്ള ഒന്നുംതന്നെ കണ്ടെത്താൻ കഴിയുമായിരുന്നില്ല."

---

യഥാർഥ തീരുമാനത്തിന്റെ ചോദ്യം അവശേഷിക്കുന്നു. ഇതിനെ കുറിച്ചും നമുക്ക് നിസ്സങ്കോചം പറയാൻ കഴിയും അതിലൊരുതരത്തിലുള്ള അതിക്രമത്തിന്റേയും കൈയേറ്റത്തിന്റേയും ഒരു കൈകടത്തലുമില്ല. പ്രത്യുത അത് തികച്ചും നീതിയിലും ന്യായത്തിലുമധിഷ്ഠിതമാണ്.

---

കലാപകാരികൾക്കുള്ള ശിക്ഷ പ്രത്യേകിച്ചും യുദ്ധാവസരത്തിൽ മരണമല്ലാതെ മറ്റൊന്നും ആയിരുന്നില്ല. കലാപകാരികൾക്കും പരമാവധി ശിക്ഷ നൽകുന്നില്ലെങ്കിൽ ഭരണസംവിധാനംതന്നെ തകർന്നുപോകുന്നതാണ്. ദ്രോഹികൾക്കും കലാപകാരികൾക്കും പൊതുസമാധാനഭംഗമുണ്ടാക്കുന്നതിനുള്ള ധൈര്യം കിട്ടുകയും ചെയ്യുന്നതാണ്. അതിന്റെ പരിണിതിയും ഭയാനകമായിരിക്കും. തീർച്ചയായും അത്തരം സാഹചര്യത്തിൽ കലാപകാരിക്കുനേരെ കരുണ കാണിക്കുന്നത് വാസ്തവത്തിൽ രാജ്യത്തിന്റെയും രാജ്യത്തിലെ സമാധാനകാംക്ഷികളുടെയുംമേൽ അക്രമം ചെയ്യുന്നതിന് സമമായിരിക്കും.

---

മറ്റൊരു കാര്യംകൂടി ഓർക്കേണ്ടിയിരിക്കുന്നു. നബിﷺതിരുമേനിക്കും യഹൂദികൾക്കുമിടയിൽ ആരംഭകാലത്തുണ്ടാക്കിയ ഉടമ്പടിയുടെ നിബന്ധനകളിലൊന്ന് യഹൂദരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും കാര്യത്തിൽ തീർപ്പ് കൽപ്പിക്കേണ്ടി വന്നാൽ പ്രസ്തുത തീരുമാനം അവരുടെ ശരീഅത്തനുസരിച്ച് ആയിരിക്കുമെന്നതായിരുന്നു.

---

ബനൂഖുറയ്ള യുദ്ധത്തിന്റെ അവസാനം ബനൂഖുറയ്ളക്ക് നല്കിയ ശിക്ഷയെ സംബന്ധിച്ച് സീറത്തു ഖാത്തമുന്നബിയ്യീനെ ഉദ്ധരിച്ച് എല്ലാ കാര്യങ്ങളുമുൾക്കൊള്ളുന്ന വിമർശനവീക്ഷണത്തിന്റേയും കേസിന്റേയും നിജസ്ഥിതി.

## ഖുത്ബ ജുമുഅ 2024 നവംബർ 01, 1403 നബുവ്വത്ത് 01, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബനൂ ഖുറയ്ള യുദ്ധത്തിന്റെ വിശദീകരണമാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇപ്രകാരമാണ്. ഇതിൽ ശഹീദായ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് എഴുതുന്നു: ഈ യുദ്ധത്തിൽ രണ്ട് മുസ്‌ലിമീങ്ങളാണ് ശഹീദായത്. ഖല്ലാദ് ബിൻ സുവയ്ദും ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദുമാണവർ. കൊല്ലപ്പെട്ട ബനൂ ഖുറയ്ളയിലെ യഹൂദികളുടെ എണ്ണത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്.

ഇബ്നു ഇസ്ഹാഖ് എഴുതുന്നു: അവരുടെ എണ്ണം അറുന്നൂറായിരുന്നു. ഒരു നിവേദനം അനുസരിച്ച് എഴുന്നൂറ് പേരെന്നും കാണുന്നു. സുഹയ്ലി പറയുന്നു, അവരുടെ എണ്ണം എണ്ണൂറ് മുതൽ തൊള്ളായിരംവരെ ആയിരുന്നു. ഇമാം തുർമിദിയും ഇമാം നസായിയും നാന്നൂറ് യോദ്ധാക്കളാണെന്ന് എഴുതിയിട്ടുണ്ട്. ഇബ്നു സഅ്ദും അറുന്നൂറ് മുതൽ എഴുന്നൂറ് പേരെന്നാണ് വിവരിച്ചിട്ടുള്ളത്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 16 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 20 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അത്ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 58, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہവിവിധ ചരിത്രങ്ങളുടെ ഗവേഷണമനുസരിച്ച് എഴുതുന്നു:"ഏകദേശം നാന്നൂറ് പേരാണ് അന്നത്തെ ദിവസം സഅ്ദിന്റെ തീരുമാനപ്രകാരം വധിക്കപ്പെട്ടത്. നബിﷺതിരുമേനി സ്വഹാബാക്കൾക്ക് നൽകിയ കൽപ്പനപ്രകാരം കൊല്ലപ്പെട്ട ഈ ആളുകളെ സ്വന്തം സംവിധാനത്തിൽ മറവ് ചെയ്യുകയുണ്ടായി.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہഎം.എ. പേജ് 603)*

ഇസ്‌ലാം വിരോധികൾ അതിശയോക്തിയുടെ പരമസീമയിലെത്തി ഇവരുടെ എണ്ണം വിവരിക്കുകയും പിന്നെ ഇസ്‌ലാമിനെ അക്രമത്തിന്റെ മതമായി ചിത്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. യാഥാർഥ്യവും തെളിവുകളും നോക്കുകയാണെങ്കിൽ പ്രാമാണ്യയോഗ്യമായ ചരിത്രങ്ങളുടെ അടിസ്ഥാനത്തിൽ നാന്നൂറിന്നടുത്ത് മാത്രമേ അവരുടെ എണ്ണം വരുന്നുള്ളൂ. അവരാകട്ടെ യോദ്ധാക്കളുമായിരുന്നു. അതുകൊണ്ടാണ് ഒരു വീടിനുള്ളിൽ കിടങ്ങു കുഴിച്ച് അവരെ ഖബ്റടക്കാൻ കഴിഞ്ഞത്.

ഇക്കാലഘട്ടത്തിലെ ഒരു അഹ്മദി സ്കോളർ സയ്യിദ് വഖാസ് സാഹിബും ഇതിൽ

വലിയ ഗവേഷണം നടത്തിയിട്ടുണ്ട്. അദ്ദേഹം അതേപ്പറ്റി നല്ലപോലെ എഴുതിയിട്ടുമുണ്ട്. അദ്ദേഹം തന്റെ 'നബിﷺതിരുമേനി ഹിജാസിൽ' എന്ന പുസ്തകത്തിൽ എഴുതുന്നു: ബനൂ ഖുറയ്ള്വയിലെ കൊല്ലപ്പെട്ട ആളുകളുടെ എണ്ണത്തെ സംബന്ധിച്ച വിഷയം എടുക്കുകയാണെങ്കിൽ അദ്ദേഹം അതിൽ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിൽ പലതും യുക്തിപരവുമാണ്. അദ്ദേഹം അടിസ്ഥാനപരമായി എടുത്ത സംഗതി വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. ഹദീഥാണെങ്കിലും ചരിത്രമാണെങ്കിലും അതിന്റെ ചരിത്രവും നിവേദനവും കെട്ടിച്ചമച്ചത് അല്ലെങ്കിൽപ്പോലും ദുർബലം എന്ന അവസ്ഥയിൽനിന്ന് മുക്തമല്ല. അതുകൊണ്ട് കണ്ണടച്ച് എല്ലാ നിവേദനങ്ങളെയും അംഗീകരിക്കുന്നത് യുക്തിയുമല്ല. അറുന്നൂറു മുതൽ തൊള്ളായിരം വരെ ആളുകൾ കൊല്ലപ്പെട്ടു എന്ന് പറയുന്നു. അവരുടെ എണ്ണം വളരെ കരുതലോടുകൂടി എടുക്കുകയാണെങ്കിൽപ്പോലും അഞ്ചോ ആറോ ആയിരത്തിൽ കുറവായിരിക്കുകയില്ല. അവരെ മുഴുവനും മദീനയിൽ കയറുകളിൽ ബന്ധിച്ചു കൊണ്ടുവന്നുവെന്നും രണ്ടു വീടുകളിലായി പാർപ്പിച്ചുവെന്നും, മുസ്‌ലിമീങ്ങൾ സ്വയം പട്ടിണിയിലായിരിക്കെ അവർക്കെല്ലാമുള്ള അന്നപാനീയങ്ങൾക്കുള്ള സൗകര്യങ്ങൾ ചെയ്തുവെന്നും പറയപ്പെടുന്നു. മാത്രമല്ല, ഇത്രയും ആളുകൾക്കുള്ള പ്രാഥമികകൃത്യങ്ങൾക്ക് സൗകര്യം ചെയ്യേണ്ടതായും വരും. അവരാരും ഓടിപ്പോകാൻ ശ്രമിക്കാതിരിക്കുകയും ബഹളമുണ്ടാക്കാതിരിക്കുകയും രാത്രിക്കുരാത്രി മദീനയിലെ ഒരു ചന്തയിൽ ഈ അറുന്നൂറ് പേരെയും കൊലപ്പെടുത്തി കുഴിയെടുത്തു അടക്കിയെന്നതും, അവിടെയാകട്ടെ പുതുതായി ഉണ്ടാക്കിയ കിടങ്ങ് ഉണ്ടായിരുന്നുവെന്നും, പിന്നെ രണ്ടോ മൂന്നോ ആളുകൾ, അതായത്, ഹദ്റത്ത് അലിയും സുബയ്റും അവരെയെല്ലാവരെയും കൊന്നുവെന്നതും, ഈ രണ്ടു സ്വഹാബാക്കളും ഈ സംഭവത്തെ സംബന്ധിച്ച് പരാമർശിക്കുക പോലും ചെയ്തിട്ടില്ലായെന്നതും, ബുഖാരിയും മുസ്‌ലിമും കൊല്ലപ്പെട്ടവരുടെ എണ്ണം പറയാത്തതും തുടങ്ങി കുറെ കാര്യങ്ങൾ പ്രസ്തുത നിവേദനത്തെ പുന:പരിശോധിക്കണമെന്നതിലേക്ക് മാർഗദർശനം നൽകുന്നുണ്ട്. ഈ നിവേദനങ്ങളിൽ അതിശയോക്തി അധികമായി കലർത്തിയിട്ടുണ്ടോയെന്നും നോക്കേണ്ടിയിരിക്കുന്നു.

അദ്ദേഹം എഴുതുന്നു: അണിയറയിൽ നബിതിരുമേനിയുടെയും മുസ്‌ലിമീങ്ങളുടെയും യഹൂദികളോടുള്ള ശത്രുത പെരുപ്പിച്ചുകാണിക്കാൻ ഈ സംഭവങ്ങൾക്ക് പിന്നീട് ജനങ്ങൾ നിറം ചാർത്തിയതായിരിക്കാം. കാരണം, ബുഖാരിയിൽ വന്നിട്ടുള്ള പദം ഇങ്ങനെയാണ്. അതായത്, ഹദ്റത്ത് സഅ്ദ് ؓതന്റെ വിധിയിൽ പറയുന്നു: തഖ്ത്തുലുൽ മുഖാത്തില അതായത് അവരോടു മുഖാത്തില അഥവാ യുദ്ധം ചെയ്യുന്നവർ കൊല ചെയ്യപ്പെടേണ്ടതാണ്. പൊതു ചരിത്രകാരന്മാരും വ്യാഖ്യാതാക്കളും നബിചരിതകർത്താക്കളും ഇതിനുനൽകിയ തർജ്ജമ യുദ്ധത്തിന് പ്രാപ്തരായ എല്ലാ പുരുഷന്മാരും കൊല ചെയ്യപ്പെടേണ്ടതാണെന്നാണ്. മാത്രമല്ല, അവർ ഈ പദത്തിന് എത്രമാത്രം വിശാലത നൽകിയെന്നാൽ യുദ്ധം ചെയ്യാൻ കഴിവുള്ളവർ എന്നതുകൊണ്ട് പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരെയും വിവക്ഷിക്കുന്നു. പ്രായപൂർത്തിയുടെ നിലവാരവും സ്വകൽപിത കഥകൾക്കനുസരിച്ചാണ് വെച്ചിട്ടുള്ളത്. അതായത്, ചിലയാളുകളെ ഓരോ പുരുഷന്മാരുടെയും പ്രായപൂർത്തിയുടെ തെളിവ് കൃത്യമായിപരിശോധിക്കുന്നതിനുവേണ്ടി ആളുകളെ നിറുത്തുകയും ഇന്നയാൾ പ്രായപൂർത്തിയായ ആളാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തുവത്രേ. അങ്ങനെയാകുമ്പോൾ ഈ എണ്ണം കുറേക്കൂടി വർധിക്കുന്നു. ഇതിൽ ഇത്രമാത്രം അതിശയോക്തി കലർത്തിയിട്ടുമുണ്ട്. എന്നാൽ, അംഗബലം കുറവാണെന്ന് പറയുന്നവരുടെ ശ്രദ്ധ മുഖാത്തില എന്ന പദത്തിന്റെ തർജ്ജമയെ പരിമിതപ്പെടുത്തുന്നുണ്ട്. അതായത്, ഈ യുദ്ധത്തിൽ പങ്കെടുത്ത പുരുഷന്മാരെ മാത്രമാണ് ഉദ്ദേശിക്കുന്നത്. അത് ഗവേഷണപരമായി നോക്കിയാൽ ഇരുപതിൽ കൂടുതലില്ല. ഇവർ ഒരുപാട് എണ്ണം കുറയ്ക്കുകയും ചെയ്തു. ഇത് എത്ര മാത്രം ബുദ്ധിപരമാണ്. *(റസൂലേക്റംﷺ ഔർ യഹൂദേ ഹിജാസ് പേജ് 132-148, ഉർദു തർജമ മുഹമ്മദ് ആന്റ് ദ ജ്യൂസ്, സയ്യിദ് ബർക്കാത്ത് അഹ്മദ്, മുത്തർറജിം മുശീറുൽ ഹഖ്, മക്തബ ജാമിഅ ന്യൂഡൽഹിലിമിറ്റഡ്)*

ഏതായാലും ഇതൊക്കെ അദ്ദേഹത്തിന്റെ ഗവേഷണമാണ്. പക്ഷേ, ചില കാര്യങ്ങൾ ഏതായാലും യുക്തിസഹവുമാണ്. ഗവേഷണത്തിൽ അക്കാര്യങ്ങൾ അടിസ്ഥാനമാക്കാവുന്നതുമാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓബനൂ ഖുറയ്ള്വ യുദ്ധത്തിൽ വധിക്കപ്പെട്ട യഹൂദികളുടെ എണ്ണത്തെ സംബന്ധിച്ച അമുസ്‌ലിം ചരിത്രകാരന്മാരുടെ ആക്ഷേപങ്ങൾക്കുള്ള മറുപടിയിൽ പറയുന്നു: ബനൂഖുറയ്ള്വ സംഭവത്തെ സംബന്ധിച്ച് ചില അമുസ്‌ലിം ചരിത്രകാരന്മാർ വളരെ മോശമായ രീതിയിൽ നബിﷺതിരുമേനിക്കെതിരിൽ ആക്രമണം നടത്തിയിട്ടുണ്ട്. ഏകദേശം നാന്നൂറ് യഹൂദികൾക്ക് വധശിക്ഷ നൽകിയതിന്റെ പേരിൽ നബിﷺതിരുമേനിയെ നഊദുബില്ലാഹ് അക്രമോൽസുകനായ ഭരണാധികാരിയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നു. ഈ ആരോപണത്തിന്റെ അടിസ്ഥാനം മതപരമായ പക്ഷപാതമാണ്. ചുരുങ്ങിയപക്ഷം അത് ഇസ്‌ലാമിനും ഇസ്‌ലാംമതസ്ഥാപകർക്കുമെതിരിലുള്ള പക്ഷപാതമാണ്. പാശ്ചാത്യരുടെ വെളിച്ചത്തിൽനിന്ന് ശിക്ഷണം ലഭിച്ച ചരിത്രകാരന്മാരും അതിൽനിന്ന് മുക്തരല്ല. അതായത്, മുസ്‌ലിമീങ്ങളും അവരുടെ സ്വാധീനത്തിൽ അകപ്പെട്ടിട്ടുണ്ട്.

ഈ ആരോപണത്തിനുള്ള മറുപടിയിൽ എഴുതുന്നു: "ഒന്നാമത് ഓർക്കേണ്ട സംഗതി ബനൂ ഖുറയ്ള്വയെ സംബന്ധിച്ചുള്ള തീരുമാനം അക്രമപരമാണെന്ന് പറയപ്പെടുന്നു. ഈ തീരുമാനം സഅ്ദുബ്നു മുആദിന്റേതാണ്. ഒരിക്കലും നബിﷺതിരുമേനിയുടേതല്ലായിരുന്നു. അത് നബിﷺതിരുമേനിയുടെ തീരുമാനമല്ലാതിരിക്കെ അതുകാരണം നബിﷺതിരുമേനിക്കുമേൽ ആരോപണവും ഉന്നയിക്കപ്പെടാവതല്ല. രണ്ട്, ഈ തീരുമാനം അന്നുണ്ടായിരുന്ന സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഒരിക്കലും തെറ്റായതോ അക്രമപരമോ ആയ തീരുമാനമല്ലായിരുന്നു. ആ അവസ്ഥകളെ സംബന്ധിച്ച് നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. തീരുമാനം ഒരിക്കലും അക്രമപരമായിരുന്നില്ല. മൂന്ന്, സഅ്ദ് തന്റെ തീരുമാനം വിളംബരപ്പെടുത്തുന്നതിന് മുമ്പേ നബിﷺതിരുമേനിയുമായി ചെയ്ത ഉടമ്പടിയനുസരിച്ച് നബിﷺതിരുമേനിയും പ്രവർത്തിക്കാൻ നിർബന്ധിതനായിരുന്നു. നാല്, കുറ്റവാളികൾ ആ തീരുമാനം സ്വീകരിച്ചു. അതിൽ ആരോപണമുന്നയിക്കുകയും ചെയ്തിട്ടില്ല. അത് ദൈവിക വിധിയാണെന്ന് അവർ കരുതി. ഹുയയ്യ് ബിൻ അഖ്ത്വബ് വധിക്കപ്പെടുന്ന സമയത്ത് പറഞ്ഞ വാക്കുകളിൽനിന്ന് അത് പ്രകടമാണ്. എന്നിരിക്കെ, കാരണമേതുമില്ലാതെ നബിﷺതിരുമേനിക്ക് അതിൽ ഇടപെടേണ്ട കാര്യമില്ലായിരുന്നു. സഅ്ദിന്റെ തീരുമാനത്തിനുശേഷം ഇക്കാര്യത്തിൽ തന്റെ ഭരണസംവിധാനത്തിനുകീഴിൽ പ്രസ്തുത തീരുമാനം ഏറ്റവും നല്ല രീതിയിൽ നടപ്പാക്കുക മാത്രമായിരുന്നു ചെയ്യേണ്ടിയിരുന്നത്. പറഞ്ഞുവന്നതുപോലെ നബിﷺതിരുമേനി അത് നടപ്പിലാക്കിയതിലും നബിﷺതിരുമേനിയുടെ ഉന്നതമായ കാരുണ്യത്തിന്റെ മാതൃകയാണ് കാണപ്പെടുന്നത്.

അതായത്, തീരുമാനം നടപ്പാക്കുന്നതിനുമുമ്പേ അവർ ബന്ദികളായിരുന്നിടത്തോളം സമയം നബിﷺതിരുമേനി അവരുടെ താമസത്തിനും ഭക്ഷണത്തിനുമുള്ള ഏറ്റവും നല്ല സംവിധാനമാണ് ചെയ്തത്. സഅ്ദിന്റെ തീരുമാനം നടപ്പാക്കേണ്ടി വന്നപ്പോഴും കുറ്റവാളികൾക്ക് ഏറ്റവും ചുരുങ്ങിയ രീതിയിൽ പ്രയാസമുണ്ടാകുന്ന തരത്തിലാണ് അത് നടപ്പാക്കിയത്. അതായത്, അവരുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് നബിﷺതിരുമേനി ഒരു കുറ്റവാളി കൊല്ലപ്പെടുമ്പോൾ അടുത്ത കുറ്റവാളിയുടെ മുന്നിൽ വെച്ച് അത് നടപ്പാക്കിയില്ല. ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നതെന്തെന്നാൽ, അവരെ വധസ്ഥലിയിലേക്ക് കൊണ്ടുപോകുമ്പോൾ അവിടെയെത്തുന്ന സമയംവരെ

യും തങ്ങളെ എവിടേക്കാണ് കൊണ്ടുപോകുന്നതെന്നുപോലും അവർക്ക് അറിയില്ലായിരുന്നു. മാത്രമല്ല, ഏതു വ്യക്തിയെ സംബന്ധിച്ചും നബിﷺതിരുമേനിയുടെ മുന്നിൽ അഭയയാചന നടത്തപ്പെടുമ്പോൾ നബിﷺതിരുമേനി അത് ഉടൻതന്നെ സ്വീകരിക്കുകയും ചെയ്തിരുന്നു. അത്തരക്കാരുടെ ജീവൻ രക്ഷിച്ചുവെന്ന് മാത്രമല്ല, അവരുടെ ഭാര്യാമക്കളെയും സ്വത്തിനെയും മറ്റും സംബന്ധിച്ച് അതെല്ലാം അവർക്ക് തിരികെക്കൊടുക്കാൻ ഉത്തരവിടുകയും ചെയ്തു. ഒരു കുറ്റവാളിയോട് ഇതിലുമധികം എന്ത് കാരുണ്യവും വാത്സല്യവുമാണ് കാണിക്കേണ്ടത്? ചുരുക്കത്തിൽ, ബനൂഖുറയ്ള സംഭവത്തെ സംബന്ധിച്ചിടത്തോളം നബിﷺതിരുമേനിക്കുമേൽ ഒരിക്കലും ഒരു ആക്ഷേപത്തിനും പ്രസക്തിയില്ല. മാത്രമല്ല, ഈ സംഭവം നബിﷺതിരുമേനിയുടെ ഉന്നതസ്വഭാവത്തിന്റെയും മഹത്തായ സംവിധാനത്തിന്റെയും നബിﷺതിരുമേനിയുടെ നൈസർഗികമായ കാരുണ്യത്തിന്റെയും നിദാന്ത ദർശനം കൂടിയാണ് വെളിപ്പെടുത്തുന്നത്.

ഇനിയുള്ളത് യഥാർഥ തീരുമാനത്തിന്റെ പ്രശ്നമാണ്. അതിൽ ഒരു തരത്തിലുള്ള അതിക്രമവും ഉണ്ടായിട്ടില്ലെന്ന് നമുക്ക് നിസ്സങ്കോചം പറയാൻ കഴിയുന്നതാണ്. പ്രത്യുത അത് പൂർണമായും നീതിയുക്തവുമായിരുന്നു. ഇക്കാര്യത്തിൽ നമ്മൾ ആദ്യം ശ്രദ്ധിക്കേണ്ടതെന്തെന്നാൽ ബനൂഖുറയ്ളയുടെ കുറ്റം എന്തായിരുന്നു എന്നാണ്. അവരേതു സാഹചര്യത്തിലാണ് അത് ചെയ്തത്. ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്നത് തുടക്കത്തിൽ നബിﷺതിരുമേനി മദീനയലെത്തിയപ്പോൾ മദീനയിൽ മൂന്ന് യഹൂദഗോത്രങ്ങളുണ്ടായിരുന്നു. അതായത്, ബനൂഖയ്നഖാ, ബനൂനളീർ, ബനൂഖുറയ്ള. നബിﷺതിരുമേനി ഹിജ്റത്തിനുശേഷം സ്വീകരിച്ച ആദ്യത്തെ രാഷ്ട്രീയ നിലപാട് ഈ മൂന്ന് ഗോത്രങ്ങളുടെയും മൂപ്പന്മാരെ വിളിച്ച് അവർക്കുമുന്നിൽ സമാധാനത്തിന്റെ ഒരു ഉടമ്പടി ചെയ്യുകയായിരുന്നു. ഈ ഉടമ്പടിയുടെ നിബന്ധനകൾ ഇപ്രകാരമായിരുന്നു. മുസ്‌ലിമീങ്ങളും യഹൂദികളും സമാധാനപൂർവ്വം മദീനയിൽ വസിക്കുന്നതായിരിക്കും. പരസ്പരം സൗഹൃദബന്ധം ഉണ്ടായിരിക്കുന്നതാണ്. പരസ്പരമുള്ള ശത്രുക്കൾക്ക് ഒരു തരത്തിലുള്ള സഹായവും ചെയ്യുന്നതല്ല. അത്തരം ശത്രുക്കളുമായി ഒരുവിധ ബന്ധവും ഉണ്ടായിരിക്കുന്നതല്ല. പുറത്തുനിന്നുള്ള ഏതെങ്കിലും ഗോത്രമോ ഗോത്രങ്ങളോ മദീനയെ ആക്രമിക്കുകയാണെങ്കിൽ എല്ലാവരും ഒന്നിച്ചുനിന്ന് അതിനെ നേരിടുന്നതാണ്. ഉടമ്പടി ചെയ്യുന്നവരിൽ ഏതെങ്കിലും വ്യക്തിയോ സമൂഹമോ ഈ ഉടമ്പടി ലംഘിക്കുകയോ കുഴപ്പങ്ങൾക്ക് കാരണക്കാരാവുകയോ ചെയ്യുകയാണെങ്കിൽ മറ്റുള്ളവർക്ക് അവർക്കെതിരിൽ കൈയുയർത്താൻ അവകാശമുണ്ടായിരിക്കും. എല്ലാത്തരം അഭിപ്രായഭിന്നതകളും തർക്കങ്ങളും മുഹമ്മദ്ﷺനു മുന്നിൽ സമർപ്പിക്കപ്പെടുന്നതാണ്. നബിﷺതിരുമേനിയുടെ തീരുമാനം എല്ലാവരെയും സംബന്ധിച്ചിടത്തോളം പ്രാവർത്തികമാക്കാൻ നിർബന്ധവുമായിരിക്കും. പക്ഷേ, ഓരോ വ്യക്തിയ്ക്കും ഓരോ ജനതയ്ക്കും അവരുടെ മതവും ന്യായപ്രമാണവും അനുസരിച്ചായിരിക്കും തീരുമാനമെടുക്കുക. ഇത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. മുസ്‌ലിം ഭരണകൂടം സ്ഥാപിക്കപ്പെട്ടെങ്കിലും തീരുമാനം ഓരോരുത്തരുടെയും മതത്തിനും ന്യായപ്രമാണത്തിനും അനുസരിച്ചായിരിക്കും.

ഈ ഉടമ്പടിയനുസരിച്ച് യഹൂദികൾ എങ്ങനെയാണ് പ്രവർത്തിച്ചത്? ഇതിനുള്ള മറുപടി ഇങ്ങനെയാകുന്നു: "ഏറ്റവുമാദ്യം ബനൂഖയ്നഖാ ഗോത്രം വിശ്വാസവഞ്ചന കാണിച്ചു. സൗഹൃദബന്ധം ഉപേക്ഷിച്ച് മുസ്‌ലിമീങ്ങളുമായി യുദ്ധത്തിന് തുടക്കം കുറിച്ചു. മുസ്‌ലിം സ്ത്രീകളെ അപമാനിക്കുന്നതിന് നീചമായ മാർഗങ്ങൾ അവലംബിച്ചു. തുടർന്ന് നബിﷺതിരുമേനിയുടെ രാഷ്ട്രത്തലവനെന്ന സ്ഥാനത്തെ, അതാകട്ടെ അന്തർദേശീയ ഉടമ്പടിപ്രകാരം നബിﷺതിരുമേനിക്ക് ലഭിച്ചതുമായിരുന്നു, അതിനെ തികഞ്ഞ അവഗണനയോടെ പുച്ഛിച്ചുതള്ളി. അഹങ്കാരത്തോടെ നിഷേധിച്ചു. അവർ മുസ്‌ലിമീങ്ങൾക്കുമുന്നിൽ പരാജിതരായപ്പോൾ നബിﷺതിരുമേനി അവർക്ക് മാപ്പ് കൊടുത്തു. മുൻകരുതലെ ന്ന നിലയ്ക്ക് അതിൽമാത്രം ഒതുങ്ങാതെ നഗരത്തിന്റെ സമാധാനം നഷ്ടപ്പെടാതിരിക്കാനും കൈവലയത്തിനുള്ളിൽ കിടക്കുന്ന പാമ്പിൽനിന്ന് സുരക്ഷിതരായിത്തീരാനും, അതായത് ഒളിഞ്ഞിരിക്കുന്ന ശത്രുവിൽനിന്ന് സുരക്ഷിതരാകാനുംവേണ്ടി ബനൂഖയ്നഖ ഗോത്രത്തിന് മദീനയിൽനിന്ന് പുറത്തുപോയി മറ്റേതെങ്കിലും സ്ഥലത്ത് വസിക്കാനുള്ള അനുമതിയും കൊടുത്തു. അങ്ങനെ ബനൂഖയ്നഖ ഗോത്രത്തിലെ ആളുകൾ വളരെ സമാധാനപൂർവ്വം തങ്ങളുടെ സമ്പത്തും ഭാര്യാമക്കളുമായും മദീനക്ക് പുറത്തു മറ്റൊരു സ്ഥലത്ത് വാസമുറപ്പിച്ചു. പക്ഷേ, ഈ സംഭവത്തിൽനിന്ന് യഹൂദികളുടെ മറ്റു ഗോത്രങ്ങൾ പാഠം പഠിച്ചില്ല. മാത്രമല്ല നബിﷺതിരുമേനിയുടെ അവരോടുള്ള കാരുണ്യം അവർക്ക് അനാവശ്യമായ ധൈര്യം പകരുകയുണ്ടായി. കൂടുതൽ സമയം കഴിയുന്നതിനുമുമ്പേ മറ്റൊരു യഹൂദി ഗോത്രമായ ബനൂ നളീറും തലപൊക്കാൻ തുടങ്ങി. ഏറ്റവുമാദ്യം അവരുടെ ഒരു നേതാവായ കഅ്ബ് ബിൻ അശ്റഫ് ഉടമ്പടി ലംഘിച്ചുകൊണ്ട് ഖുറയ്ശികളുമായും മറ്റു അറേബ്യൻ ഗോത്രങ്ങളുമായും ചേർന്ന് മുസ്‌ലിമീങ്ങൾക്കെതിരിൽ ഗൂഢാലോചന തുടങ്ങി. അറേബ്യയിലെ വന്യസമൂഹത്തെ നബിﷺതിരുമേനിക്കും സ്വഹാബാക്കൾക്കുമെതിരിൽ ഭയാനകമായ നിലയിൽ ഇളക്കിവിടുകയും മുസ്‌ലിമീങ്ങൾക്കെതിരിൽ പ്രകോപനപരമായ കവിതകൾ ചൊല്ലുകയുമുണ്ടായി. അതുമുഖേന രാജ്യത്ത് മുസ്‌ലിമീങ്ങൾക്കെതിരിൽ വളരെ ഭയാനകമായ ഒരു സ്ഥിതിവിശേഷം രൂപപ്പെട്ടു. മാത്രമല്ല ഈ ദുർഭഗൻ മുസ്‌ലിം സ്ത്രീകളുടെ പേരെടുത്തു പറഞ്ഞുകൊണ്ട് തന്റെ കവിതകളിൽ അവരെ അവഹേളിച്ചു. അവസാനം നബിﷺതിരുമേനിയെ വധിക്കാനും ഗൂഢാലോചന നടത്തി. നബിﷺതിരുമേനിയുടെ കൽപ്പനപ്രകാരം അയാൾ തന്റെ മോശം പര്യവസാനത്തിലേക്കെത്തിയപ്പോൾ ഈ ഗോത്രക്കാർ ഒരുമിച്ച് മുസ്‌ലിമീങ്ങൾക്കെതിരിൽ തലയുയർത്തി. അന്നത്തെ ദിവസം മുതൽ ബനൂ നളീർ ഉടമ്പടിയെ കാറ്റിൽപ്പറത്തിക്കൊണ്ട് മുസ്‌ലിമീങ്ങൾക്കെതിരിൽ ഗൂഢാലോചനകളാരംഭിച്ചു. ഒടുവിൽ ഗോത്രക്കാർ മുഴുവനും നബിﷺതിരുമേനിയെ വധിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. ഏത് വിധത്തിലാണെങ്കിലും നബിﷺതിരുമേനിയെ ജീവനോടെ വിടാൻ പാടില്ലെന്ന് അവർ തീരുമാനിച്ചു. വാസ്തവത്തിൽ ആദ്യമുണ്ടാക്കിയ കരാറിൽ ഇവരെല്ലാവരും ഭാഗഭാക്കായിരുന്നു. അതായത് ആരെങ്കിലും തെറ്റുചെയ്താൽ അയാൾ ശിക്ഷ അനുഭവിക്കേണ്ടതായി വരും, അത് സന്തോഷപൂർവം സ്വീകരിക്കേണ്ടതുമാണ്. ഏതായിരുന്നാലും, അവരുടെ ഈ കൊലപാതകശ്രമത്തെ സംബന്ധിച്ചറിഞ്ഞപ്പോൾ നബിﷺതിരുമേനി അവർക്ക് മുന്നറിയിപ്പ് കൊടുക്കുകയും ശിക്ഷയുടെ വഴി അവലംബിക്കുകയും ചെയ്തു. അപ്പോൾ അവർ ഗർവിഷ്ഠരായി മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറായി. ഈ യുദ്ധത്തിൽ ബനൂഖുറയ്ള അവരെ സഹായിച്ചു. പക്ഷേ, ബനൂനളീർ പരാജയപ്പെട്ടു. ഇവിടെ ബനൂഖുറയ്ള, ബനൂനളീറിനെ സഹായിച്ചുകൊണ്ട് അവരും ഉടമ്പടി ലംഘിക്കുകയാണ് ചെയ്തത്. ബനൂനളീർ പരാജയപ്പെട്ടപ്പോൾ നബിﷺതിരുമേനി ബനൂഖുറയ്ളക്ക് മാപ്പുകൊടുത്തു. വാസ്തവത്തിൽ അവർ ബനൂനളീറുമായി ചേർന്നിരുന്നതാണ്. നബിﷺതിരുമേനി ബനൂ ഖുറയ്ളക്ക് മാപ്പുകൊടുക്കുകയും ബനൂനളീറിന് മദീനയിൽനിന്ന് സമാധാനപൂർവ്വം പുറത്തുപോകാൻ അനുമതി നൽകുകയും ചെയ്തു. അതേസമയം, അവർക്ക് ആയുധങ്ങൾ കൊണ്ടുപോകാൻ അനുമതി നൽകിയില്ല. ഏതായിരുന്നാലും നബിﷺതിരുമേനിയുടെ ഔദാര്യത്തിന് പകരമായി ബനൂനളീർ ചെയ്തത് മദീനക്ക് പുറത്തുപോയി അവരുടെ നേതാക്കന്മാർ മുഴുവൻ അറേബ്യയിലും പര്യടനം നടത്തി വിവിധ അറേബ്യൻ ഗോത്രങ്ങളെ ഭയാനകമായ നിലയിൽ പ്രകോപിതരാക്കി അക്രമാസക്തരായ സൈന്യവുമായി മദീനയെ ആക്രമിക്കുന്നതിന് കൊണ്ടുവന്നു.

വലിയൊരു സൈന്യവുമായിട്ടാണവർ വന്നത്. ഇസ്‌ലാമിനെ നാമാവശേഷമാക്കുന്നതുവരേയും അവിടെനിന്ന് പോകുന്നതല്ലെന്ന് അവരോടു ഉറച്ച ശപഥം വാങ്ങിയിരുന്നു.

ഇപ്പോൾ പറഞ്ഞ ഈ സംക്ഷിപ്ത വിവരണമടങ്ങിയ ഭയാനകമായ അത്തരം ഘട്ടത്തിൽ യഹൂദികളുടെ മൂന്നാമത്തെ ഗോത്രമായ ബനൂഖുറയ്ള്വയുടെ നിലപാടെന്തായിരുന്നു. നബിﷺതിരുമേനി ബനൂനളീർ യുദ്ധാവസരത്തിൽ ഇവരുടെ വിശ്വാസവഞ്ചനയെ മാപ്പാക്കിക്കൊണ്ട് ഇവർക്കുമേൽ വലിയ ഔദാര്യമാണ് ചെയ്തത്. നബിﷺതിരുമേനി അവർക്കുമേൽ ഔദാര്യം ചെയ്തു. നബിﷺതിരുമേനിയുടെ ഹിജ്റത്തിനുമുമ്പേ ബനൂനളീർ സ്ഥാനത്തിലും അവകാശങ്ങളിലും നിസാരമായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. മാത്രമല്ല, ബനൂനളീർ ബനൂഖുറയ്ള്വ ഗോത്രങ്ങളുടെ സ്ഥാനത്തിലും വ്യത്യാസങ്ങളുണ്ടായിരുന്നു. ബനൂഖുറയ്ള്വ, ബനൂനളീറിനെക്കാളും നിസാരന്മാരായി ഗണിക്കപ്പെട്ടിരുന്നു. അതായത് ബനൂനളീറിലെ ഏതെങ്കിലും വ്യക്തി ബനൂഖുറയ്ള്വയുടെ കൈകളാൽ കൊല ചെയ്യപ്പെട്ടാൽ ഘാതകനെ പ്രതികാരമെന്ന നിലക്ക് കൊല ചെയ്യുമായിരുന്നു. ഇതായിരുന്നു അവരുടെ നിയമം. എന്നാൽ, ബനൂ ഖുറയ്ള്വയിലെ ഏതെങ്കിലും വ്യക്തി ബനൂനളീറിന്റെ കൈകളാൽ കൊല ചെയ്യപ്പെടുകയാണെങ്കിൽ എന്തെങ്കിലും ദിയാധനം മാത്രം മതിയാവുമായിരുന്നു. അതായത് എന്തെങ്കിലുമൊരു തുക ദിയാധനമായി വാങ്ങി ഘാതകനെ വിട്ടയക്കുമായിരുന്നു. പക്ഷേ, നബിﷺതിരുമേനി ബനൂ ഖുറയ്ള്വക്കും മറ്റു പൗരന്മാർക്കുള്ള തുല്യമായ അവകാശങ്ങൾ നൽകി. ഈ വലിയ ഔദാര്യം ഉണ്ടായിട്ടുകൂടി ബനൂഖുറയ്ള്വ വിശ്വാസവഞ്ചന കാണിച്ചു. അതും വളരെ സങ്കീർണമായൊരു ഘട്ടത്തിൽ. അത്തരം സങ്കീർണമായ ഒരു ഘട്ടം മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും പിന്നീടുണ്ടായിട്ടേയില്ല. ബനൂഖയ്നഖായുടെ ഉദാഹരണം അവർക്കുമുന്നിലുണ്ടായിരുന്നു. പക്ഷേ, അവർ അതിൽനിന്ന് പ്രയോജനമെടുത്തില്ല. ബനൂനളീറിന്റെ സംഭവം അവരുടെ കൺമുന്നിലുണ്ടായിരുന്നു. പക്ഷേ, അവർ അതിൽനിന്ന് പാഠമുൾക്കൊണ്ടില്ല. പിന്നെ അവരെന്തായിരുന്നു ചെയ്തത്? അവർ ചെയ്ത ഉടമ്പടി കാറ്റിൽപ്പറത്തുകയും നബിﷺതിരുമേനിയുടെ ഔദാര്യങ്ങളെ മൂവായിരം മുസ്‌ലിമീങ്ങളുടെ നിസ്സഹായമായ അവസ്ഥയിൽ, നബിﷺ തിരുമേനിയുടെ ഔദാര്യങ്ങളെ പാടെ വിസ്മരിച്ചുകൊണ്ട് കാഫിരീങ്ങളുടെ പത്തുപതിനയ്യായിരം വരുന്ന രക്തദാഹികളായ സൈന്യത്തോടൊപ്പം ചേരുകയും ചെയ്തു. തങ്ങളുടെ നിസ്സഹായാവസ്ഥയിൽ മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം അഹ്സാബ് യുദ്ധാവസരത്തിൽ കരൾ വായിലേക്ക് വരുന്ന അവസ്ഥ, അതായത് മരണം മുന്നിൽ കാണുന്ന ഘട്ടമായിരുന്നു. അത്തരം ഘട്ടത്തിൽ അവർ തങ്ങളുടെ കോട്ടകളിൽനിന്ന് പുറത്തുവരികയും മുസ്‌ലിം സ്ത്രീകളെയും കുട്ടികളെയും തൊട്ടടുത്തിരുന്ന് ആക്രമിക്കുകയും മുസ്‌ലിമീങ്ങളുടെ ഐക്യത്തിൽനിന്ന് മാറി ഇസ്‌ലാമിനെയും ഇസ്‌ലാമികസ്ഥാപകരെയും നാമാവശേഷമാക്കാൻ വന്ന രക്തദാഹികളുടെ ഐക്യസംഘത്തിൽ ചേരുകയും ചെയ്തു. അതെ, ഈ ഇസ്‌ലാമികസ്ഥാപകർ തന്നെയാണ് മദീനയിലെത്തിയ ഉടനെ തന്റെ ആദ്യത്തെ കർമ്മമെന്ന നിലയിൽ ഈ യഹൂദികളുമായി സൗഹൃദബന്ധത്തിനുള്ള ഉടമ്പടി ഉണ്ടാക്കിയത്. ഇത് വളരെ ചിന്തനയീമായ ഒരു കാര്യമാണ്. നബിﷺ തിരുമേനി മദീനയിലെത്തി യഹൂദികളെ സുഹൃത്തുക്കളാക്കുകയും ഉടമ്പടി ഉണ്ടാക്കുകയുമാണ് ചെയ്തത്. യഹൂദികൾ നബിﷺ തിരുമേനിയെ തങ്ങളുടെ സുഹൃത്തും ഉടമ്പടിയിലുള്ള ആളുമായി ഗണിച്ചുകൊണ്ട് പ്രസ്തുത രാജ്യത്തിന്റെ നേതാവായി അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ, കാലാനുസൃതം ബനൂഖുറയ്ള്വയുടെ നടപടി കേവലമൊരു കരാർ ലംഘനവും വഞ്ചനയും മാത്രമായിരുന്നില്ല. പ്രത്യുത അതൊരു ഭയാനകമായ കലാപം കൂടിയായിരുന്നു. ഈ കലാപമെന്നു പറയുമ്പോൾ അവരുടെ ആസൂത്രണം വിജയിച്ചിരുന്നെങ്കിൽ മുസ്‌ലിമീങ്ങളുടെ ജീവനും അവരുടെ അന്തസും ആഭിജാത്യവും അവരുടെ മതവും തീർച്ചയായും അവസാനിച്ചുപോകുമായിരുന്നു.

ചുരുക്കത്തിൽ ബനൂ ഖുറയ്ള്വ ഏതെങ്കിലുമൊരു കുറ്റം മാത്രമല്ല ചെയ്തത്. മറിച്ച് അവർ വിശ്വാസവഞ്ചനയും നന്ദികേടുമാണ് കാണിച്ചത്. കരാർ ലംഘനവും കുഴപ്പവുമാണുണ്ടാക്കിയത്. കലാപവും വധശ്രമവുമാണ് നടത്തിയത്. ഈ കുറ്റങ്ങളെല്ലാം അവർ ചെയ്ത, ഘട്ടമെന്ന് പറയുന്നത് ഒരു കുറ്റം വളരെ ഭയാനകമായ അവസ്ഥയിലെത്തുന്ന സാഹചര്യത്തിലായിരുന്നു. ലോകത്തുള്ള പക്ഷപാതരഹിതമായ ഒരു കോടതിക്കും അവരുടെ കേസിൽ ഒഴികഴിവുകൊടുക്കാനുള്ള ഒന്നും തന്നെ കണ്ടെത്താൻ കഴിയുമായിരുന്നില്ല. അത്തരം സാഹചര്യത്തിൽ ഒരു കോടതിക്കും അവർക്ക് ഇളവ് നൽകാനും കഴിയുമായിരുന്നില്ല.

ഇങ്ങനെയുള്ള സന്ദർഭത്തിൽ അവർക്ക് നൽകപ്പെട്ട ശിക്ഷയല്ലാതെ മറ്റെന്താണ് അവർക്ക് നൽകാൻ കഴിയുക. പ്രത്യക്ഷത്തിൽ മൂന്നു തരത്തിലുള്ള ശിക്ഷ അവർക്ക് നൽകപ്പെടാമായിരുന്നു. ഒന്ന്, മദീനയിൽ ത്തന്നെ തടവിലാക്കുകയോ വീട്ടുതടങ്കല്ലിലാക്കുകയോ ചെയ്യാം. രണ്ട്, നാടുകടത്താം. അതാണ് ബനൂഖയ്നഖായുടെയും ബനൂനളീറിന്റെയും കാര്യത്തിൽ ചെയ്തത്. മൂന്ന്, യുദ്ധനിപുണരായ ആളുകളെ കൊല്ലുകയോ മറ്റുള്ളവരെ തടങ്കല്ലിലാക്കുകയോ വീട്ടുതടങ്കല്ലിൽ വെക്കുകയോ ചെയ്യാം. ഇനി നീതിപൂർവ്വം ചിന്തിച്ചുനോക്കുക. അക്കാലഘട്ടത്തിലെ അവസ്ഥയനുസരിച്ച് മുസ്‌ലിമീങ്ങൾക്ക് ഇതിൽ ഏതുമാർഗമാണ് ചെയ്യാൻ കഴിയുമായിരുന്നത്? ഒരു ശത്രുസമൂഹത്തെ തങ്ങളുടെ രാജ്യത്തിനകത്തുതന്നെ ബന്ദികളാക്കി നിറുത്തുന്നത് അക്കാലഘട്ടത്തിലെ അവസ്ഥക്കനുസരിച്ച് തികച്ചും അസാധ്യമായ കാര്യമായിരുന്നു. കാരണം, ബന്ദികളാക്കിയാൽ അവരുടെ താമസത്തിനും ഭക്ഷണത്തിനുമുള്ള ഉത്തരവാദിത്വം മുസ്‌ലിമീങ്ങളുടെ ചുമതലയിൽ വരുമായിരുന്നു. അതേറ്റെടുക്കാൻ അവർക്കൊരിക്കലും കഴിയുമായിരുന്നില്ല. രണ്ട്, അക്കാലഘട്ടത്തിൽ തടവറകളും മറ്റുമുണ്ടായിരുന്നില്ല. ബന്ദികളെ സംബന്ധിച്ചുണ്ടായിരുന്ന പൊതുവായ സമ്പ്രദായം വിജയികളാകുന്ന സമൂഹത്തിനിടയിലെ ആളുകൾക്കിടയിൽ അവരെ വീതിക്കുക എന്നതായിരുന്നു. അവർക്കിടയിൽ ഇത്തരമാളുകൾ പ്രത്യക്ഷത്തിൽ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയാണ് കഴിഞ്ഞിരുന്നത്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വളരെ മോശക്കാരായ ശത്രുക്കളെ, ഗൂഢാലോചന നടത്തുന്ന സമൂഹത്തെ മദീനയിൽ പാർപ്പിക്കുന്നത് അങ്ങേയറ്റം ഭയാനകമായിരുന്നു. ബനൂഖുറയ്ള്വക്ക് അത്തരത്തിലുള്ള ഒരു തീരുമാനമാണ് നൽകിയിരുന്നതെങ്കിൽ അതിന്റെ അർഥം

• ഹദീഥുന്നബ്‌വിﷺ •

"ഇത്തഖുല്ലാഹ ഫിന്നിസാഇ."
സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

കുഴപ്പങ്ങളും പ്രശ്നങ്ങളും ദ്രോഹങ്ങളും ഗൂഢാലോചനയും നടത്താൻ അവർക്ക് നേരത്തെ ഉണ്ടായിരുന്നതുപോലെത്തന്നെ സ്വാതന്ത്ര്യം കിട്ടുന്നു എന്നതാണ്. അതേസമയം, അവരുടെ ചെലവുകളുടെ ഉത്തരവാദിത്വം മുസ്‌ലിമീങ്ങൾക്ക് ആയിരുന്നുതാനും. അതായത് നേരത്തെ അവർ സ്വയം സമ്പാദിച്ചു തിന്നുകയും മുസ്‌ലിമീങ്ങളെ ദ്രോഹിക്കുകയുമായിരുന്നു. ഇനി അവരെ ബന്ദികളാക്കി അവിടെ വെക്കുകയാണെങ്കിൽ സ്വയം ഭക്ഷിക്കുന്നതിന് വകയില്ലാത്ത മുസ്‌ലിമീങ്ങളുടെ ഭക്ഷണംതിന്നുകൊണ്ട് അവരുടെ കഴുത്തു ഞെരിക്കാൻ അവസരം കൊടുക്കുകയും ചെയ്യുകയായിരിക്കും ഫലം. അവരേതോയാലും ഗൂഢാലോചന ചെയ്യുമായിരുന്നു. മുസ്‌ലിമീങ്ങളുടെ വീടുകളിൽ ഇടകലർന്നു കഴിയുമ്പോൾ മറ്റു അപകടങ്ങളുമുണ്ടാകുമായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്ؓഎഴുതുന്നു: അന്നത്തെ സാഹചര്യത്തിൽ ബുദ്ധിമാനായ ആരുംതന്നെ അവിടെത്തന്നെ നിറുത്തി, ശിക്ഷ നൽകാമെന്ന അഭിപ്രായം പറയുമെന്ന് തോന്നുന്നില്ല.

രണ്ടാമത്തെ ശിക്ഷ നാടുകടത്തുക എന്നതാണ്. ഈ ശിക്ഷ തീർച്ചയായും അക്കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് സുരക്ഷിതരാകുന്നതിനുള്ള ഒരു നല്ല മാർഗമായി ഗണിക്കപ്പെട്ടിരുന്നു. പക്ഷേ, ബനൂനളീർ രാജ്യഭ്രഷ്ടരാക്കപ്പെട്ടപ്പോളുണ്ടായ അനുഭവം മനസിലാക്കിത്തരുന്നത്, യഹൂദികളുമായി ബന്ധപ്പെട്ടിടത്തോളം ഈ രീതി ഒന്നാമത്തെ ശിക്ഷയിൽനിന്നും ഒരു നിലക്കും അപകടം ഇല്ലാതാക്കുന്നതല്ലെന്നതാണ്. അതായത്, യഹൂദികൾക്ക് മദീനയിൽനിന്ന് പുറത്തുപോകാൻ അനുമതി നൽകുന്നതുകൊണ്ട് അർഥമാക്കുന്നത് കർമപരമായും ഇസ്‌ലാം ശത്രുക്കളുടെ എണ്ണം വർധിപ്പിക്കുക മാത്രമേ ചെയ്യുകയുള്ളൂ എന്നാണ്. മാത്രമല്ല, ഇസ്‌ലാമിന്റെ ശത്രുക്കളുടെ അണിയിൽ ഇത്തരമാളുകളും ചെന്നു ചേരുന്നതാണ്. അവരാകട്ടെ വളരെ പ്രകോപനപരമായും ശത്രുത പരത്തുന്നതിനും ഗൂഢാലോചനയിലും എല്ലാ തരത്തിലുമുള്ള ഇസ്‌ലാം ശത്രുതയുടെയും മൂപ്പന്മാരാകാൻ അസ്വസ്ഥരായിക്കഴിയുന്നവരുമാണ്. ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്നതെന്തെന്നാൽ മുഴുവൻ യഹൂദ ഗോത്രങ്ങളെയും അപേക്ഷിച്ച് ബനൂഖുറയ്‌ളശത്രുതയിൽ മുൻപന്തിയിലായിരുന്നു. അതുകൊണ്ട് തീർച്ചയായും ബനൂഖുറയ്‌ളയെ നാടുകടത്തുന്നത് വലിയ അപകടങ്ങൾക്ക് കാരണമായിത്തീരുന്നതാണ്. അത് ബനൂനളീർ, അഹ്സാബ് യുദ്ധമുണ്ടാക്കി മുസ്‌ലിമീങ്ങൾക്കെതിരെ ഉയർത്തിയ അപകടത്തെക്കാളും ഭയാനകമാകുമായിരുന്നു. മുസ്‌ലിമീങ്ങൾ അക്കാലഘട്ടത്തിലെ അവസ്ഥയനുസരിച്ച് അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അത് ആത്മഹത്യയിൽ കുറവ് ആകുമായിരുന്നില്ല. ലോകത്തെ ഏതെങ്കിലും സമൂഹം ശത്രുക്കളെ നേരിടുന്നതിനുവേണ്ടി ആത്മഹത്യക്ക് തയ്യാറായിട്ടുണ്ടോ? അങ്ങനെയില്ലെങ്കിൽ തീർച്ചയായും മുസ്‌ലിമീങ്ങളും ഈ കാരണം കൊണ്ടുതന്നെ അതായത് അവർ ബനൂഖുറയ്‌ളയെ ജീവിക്കാൻ അനുവദിച്ചുകൊണ്ട് ആത്മഹത്യക്ക് എന്തുകൊണ്ട് തയ്യാറായില്ല എന്ന ആക്ഷേപത്തിന് കുറിമാനമാകുന്നില്ല. ചുരുക്കത്തിൽ ഈ രണ്ടു ശിക്ഷകളും സാധ്യമല്ലായിരുന്നു. ഇതിൽ ഏതുമാർഗം സ്വീകരിക്കുകയാണെങ്കിലും അത് തീർച്ചയായും സ്വയം നാശത്തിൽ അകപ്പെടുന്നതുപോലെയാണ്. ഈരണ്ട് ശിക്ഷകളെയും ഒഴിവാക്കി അന്ന് സ്വീകരിച്ച മാർഗം തന്നെയായിരുന്നു ഏറ്റവും കരണീയം.

തീർച്ചയായും സഅ്ദിന്റെ തീരുമാനം സ്വതവേ ഒരു കഠിനമായ വിധിയായിരുന്നു. മനുഷ്യപ്രകൃതം പൊതുവിൽ അക്കാര്യത്തിൽ ഒരു നീറ്റൽ അനുഭവിക്കുന്നുമുണ്ട്. പക്ഷേ, ഇതുകൂടാതെ മറ്റേതെങ്കിലും മാർഗം അവലംബിക്കാനുണ്ടോ എന്ന ചോദ്യമാണ് ഉയരുന്നത്.

ഒരു സർജന് ഏതെങ്കിലും രോഗിയെ സംബന്ധിച്ചിടത്തോളം അയാളുടെ കൈയോ കാലോ മറ്റേതെങ്കിലും അവയവമോ മുറിച്ചു മാറ്റേണ്ട ഒരു അവസ്ഥ വരികയാണെങ്കിൽ ഏതൊരു മനുഷ്യനും അങ്ങനെയൊരു നിർബന്ധസാഹചര്യം ഉണ്ടായിരുന്നില്ലെങ്കിൽ എന്നോർത്ത് മനസ്സിലൊരു വേദന ഉണ്ടാകുന്നതായിരിക്കും. പക്ഷേ, സാഹചര്യങ്ങളുടെ നിർബന്ധിതാവസ്ഥയ്ക്കു മുന്നിൽ തലകുനിക്കേണ്ടതായി വരുന്നു. പ്രത്യുത അത്തരം സാഹചര്യത്തിൽ സർജന്റെ നിലപാട് ശ്ലാഘനീയമായി കരുതപ്പെടും. അയാൾ ചെറിയത് അല്ലെങ്കിൽ മൂല്യം കുറഞ്ഞ ഒരു ത്യാഗം ചെയ്തുകൊണ്ട് മൂല്യവത്തായ ഒരു സംഗതിയെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അതുപോലെ ബനൂഖുറയ്‌ളയെ സംബന്ധിച്ചിടത്തോളം സഅ്ദിന്റെ തീരുമാനം പൊതുവെ മാന്യമായിരുന്നു. പക്ഷേ, അത് സാഹചര്യങ്ങളുടെ നിർബന്ധ പ്രതിഫലനവുമായിരുന്നു. അതുകൂടാതെ മറ്റൊരു മാർഗവുമുണ്ടായിരുന്നില്ല. ഈ കാരണം കൊണ്ടുതന്നെ മാർഗോലീസിനെപ്പോലെയുള്ള ചരിത്രകാരന്മാർ–അവർ ഇസ്‌ലാമിന്റെ ഗുണകാംക്ഷികളായിരുന്നില്ല– ഈ സാഹചര്യത്തിൽ സഅ്ദിന്റെ തീരുമാനം നിർബന്ധിതാവസ്ഥയിലായിരുന്നുവെന്ന് അംഗീകരിക്കാൻ നിർബന്ധിതരാവുന്നുണ്ട്. അതല്ലാതെ മറ്റു മാർഗങ്ങളൊന്നുമുണ്ടായിരുന്നില്ല. മിസ്റ്റർ മാർഗോലീസ് എഴുതുന്നു:

“അഹ്സാബ് യുദ്ധാക്രമണം സംബന്ധിച്ച മുഹമ്മദ്ﷺന്റെ പ്രഖ്യാപനം ദൈവിക ഇടപെടലുകൾക്ക് വിധേയമായിരുന്നു. അത് ബനൂനളീറിന്റെ പ്രകോപനപരമായ പരിശ്രമങ്ങളുടെ പരിണിതിയുമായിരുന്നു. അതുമല്ലെങ്കിൽ ചുരുങ്ങിയ പക്ഷം അവരുടെ പ്രയത്നങ്ങളുടെ പരിണിതിയാണെന്ന് കരുതപ്പെടുന്നു. ബനൂ നളീറിനെ നാടുകടത്തുന്നതിൽ മാത്രം മുഹമ്മദ് സാഹിബ് ഒതുങ്ങിനിന്നിരുന്നു. ഇവിടെ ഉയരുന്ന പ്രശ്നം മുഹമ്മദ്ﷺ, ബനൂഖുറയ്‌ളയെയും നാടുകടത്തി തങ്ങൾക്കെതിരിൽ പ്രകോപനത്തിന് ശ്രമിക്കുന്നവരുടെ എണ്ണവും ശക്തിയും വർധിപ്പിക്കുകയാണോ ചെയ്യേണ്ടിയിരുന്നത്? മറ്റൊന്ന് ഈ സമൂഹത്തിന് മദീനയിൽ താമസിക്കാനും അനുമതി നൽകാൻ കഴിയുമായിരുന്നില്ല. അങ്ങനെയായാൽ അവർ പരസ്യമായി അക്രമികളോടൊപ്പം നിൽക്കുമായിരുന്നു. അവരെ നാടുകടത്തുന്നതും സുരക്ഷിതമായിരുന്നില്ല. അവരെ മദീനയിൽ താമസിക്കാൻ അനുവദിക്കുന്നതും അപകടത്തിൽ കുറഞ്ഞ കാര്യം അല്ലായിരുന്നു. ചുരുക്കത്തിൽ, അവരെ വധിക്കാനുള്ള തീരുമാനം എടുക്കുകയല്ലാതെ മറ്റൊരു വഴിയുമു ണ്ടായിരുന്നില്ല.’ ഇതാണ് മാർഗോലീസിന്റെ അഭിപ്രായം.

മറ്റൊരു കാര്യം കൂടി ഇവിടെ ഓർക്കാനുള്ളതെന്തെന്നാൽ, ബനൂ ഖുറയ്‌ള, നബിﷺതിരുമേനിയുമായി സൗഹൃദത്തി

ശേഷം പേജ് 8 ൽ


• ഹദീഥുന്നബ്‌വിﷺ •

“അദ്ദാലു അലൽഖയ്‌രി കഫായിലിഹീ.”
നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ അത് ചെയ്യുന്നവനെപ്പോലെയാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

“യിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി.”
വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ലേഖനം

# സത്യമാർഗം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑ**
**(വാഗ്ദത്ത മഹ്ദി മസീഹ് )**

1900 ഡിസംബർ 28

**സൗഭാഗ്യവാനും ഹതഭാഗ്യവാനും**

ജുമുഅ നമസ്കാരത്തിനുശേഷം പൊതുസദസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑ താഴെ ചേർക്കുന്ന പ്രസംഗം ചെയ്തു:

ഞാൻ അല്ലാഹുവിനുവേണ്ടി മാത്രം കുറച്ചു കാര്യങ്ങൾ കേൾപ്പിക്കുകയാണ്; എനിക്കു നല്ല സുഖമില്ല. വിസ്തരിച്ചു പറയേണ്ട ആവശ്യവുമില്ല. കാരണം അല്ലാഹു നന്മയും ശുദ്ധപ്രകൃതിയും നല്ല കഴിവും നല്കി അനുഗ്രഹിച്ചിട്ടുള്ളവർ സൂചന കൊണ്ടുമാത്രം, പറയുന്ന കാര്യങ്ങളുടെ യഥാർഥ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യും. അല്ലാഹുവിന്റെ സത്തയിലും ശക്തിപ്രഭാവത്തിലും അടിയുറച്ചു വിശ്വാസമില്ലാത്തവരും സ്വയേച്ഛകളെ പിൻപറ്റുന്നവരും അധമമായ അവസ്ഥയിൽ കഴിയുന്നവരാണ്. എല്ലാ നബിؑമാരും ഒന്നുചേർന്ന് ഒരേയൊരു മിമ്പറിൽ കയറി അവരെ ഉപദേശിച്ചാലും അവർക്കത് ഒരു പ്രയോജനവും ചെയ്യുകയില്ല.

ഓരോ നബിയുടേയും ദൈവനിയോഗിതന്റേയും കാലത്ത് രണ്ട് കക്ഷികൾ ജന്മംകൊള്ളാറുണ്ട്. ഒരു കക്ഷിയുടെ പേര് ഭാഗ്യവാന്മാരെന്ന് വെച്ചിരിക്കുന്നു. രണ്ടാമത്തെ കക്ഷി നിർഭാഗ്യവാന്മാരെന്ന് പറയപ്പെടുന്നു. ഉപദേശനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇരുകൂട്ടരും ഒരുപോലെ നബിമാരുടെ മുമ്പിലുണ്ടായിരുന്നു. ആ പരിശുദ്ധ സംഘം ഒരിക്കലും ആരോടും പക്ഷഭേദം കാണിച്ചില്ല. ഭാഗ്യവാന്മാരോടെന്നപോലെ നിർഭാഗ്യവാന്മാരോടും ഉപദേശിക്കുക എന്ന തങ്ങളുടെ കടമ അവർ പൂർണ്ണമായ നിലയിൽ നിറവേറ്റി. എന്നാൽ, ഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയുണ്ടായിരുന്നു. അതുകൊണ്ട് അവർ കേട്ടു. കണ്ണുകളുണ്ടായിരുന്നു. അതുകൊണ്ട് അവർ കണ്ടു. ഹൃദയമുണ്ടായിരുന്നു. അതുകൊണ്ട് അവർ കാര്യങ്ങൾ മനസ്സിലാക്കി. എന്നാൽ, നിർഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയോ കാണാനുള്ള കണ്ണോ അറിയാനുള്ള ഹൃദയമോ ഉണ്ടായിരുന്നില്ല.

മക്കയുടെ മണ്ണ് ഒരൊറ്റ മണ്ണുതന്നെയായിരുന്നു. അതിൽനിന്നാണ് ഹദ്റത്ത് അബൂബക്റുംؓ അബൂജഹ്ലും ജനിച്ചത്. അതേ മക്കയിൽത്തന്നെയാണ് ഇപ്പോൾ കോടിക്കണക്കിന് നാനാതരം ജനങ്ങൾ ലോകത്തിന്റെ സർവ്വഭാഗങ്ങളിൽനിന്നു വന്നുചേരുന്നത്. ആ ഒരേയൊരു മണ്ണിൽത്തന്നെയാണ് മുകളിൽപറഞ്ഞ ഈ രണ്ടു മനുഷ്യരും ജനിച്ചത്. ഇവരിൽ ആദ്യം പറഞ്ഞ വ്യക്തി തന്റെ സൗഭാഗ്യവും സാത്വികതയുംകൊണ്ട് സന്മാർഗം പ്രാപിച്ച് സിദ്ദീഖുമാരുടെ ശ്രേഷ്ഠത കൈവരിച്ചു. രണ്ടാമതു പറഞ്ഞ വ്യക്തിയാകട്ടെ വിദ്വേഷത്തിലും, വിവരക്കേടിലും, വിതണ്ഡവാദത്തിലും അവിശുദ്ധ പോരാട്ടത്തിലും കുപ്രസിദ്ധി നേടുകയും ചെയ്തു.

ശ്രേഷ്ഠത രണ്ടു തരത്തിലുണ്ട്. ഒന്ന് റഹ്മാനിയായത് അഥവാ ദിവ്യമായത്. രണ്ട് ശയ്ത്വാനിയായത് അഥവാ പൈശാചികമായത്. റഹ്മാനിയായ ശ്രേഷ്ഠതയുള്ള മനുഷ്യൻ ദൈവിക സന്നിധിയിൽ പ്രത്യേകമായൊരു പ്രസിദ്ധിയും ആദരവും കരസ്ഥമാക്കുന്നു. ഇതുപോലെ ശയ്ത്വാനിയായ തികവുറ്റ മനുഷ്യൻ പിശാചുക്കളുടെ സന്താനങ്ങളിൽ കുപ്രസിദ്ധി നേടുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ പറഞ്ഞ ആ ഒരേ മണ്ണിൽ ഈ രണ്ടുപേരുമുണ്ടായിരുന്നു. അല്ലാഹുവിന്റെ പ്രവാചകൻﷺ ആരോടും ഒരു വിവേചനവും കാണിച്ചില്ല. അല്ലാഹു എത്തിക്കാൻ കല്പിച്ച കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ എത്തിച്ചുകൊടുത്തു. എന്നാൽ, ഭാഗ്യദോഷികൾ എല്ലാം നിഷേധിക്കുന്നവരായിത്തീർന്നു. ഭാഗ്യശാലികൾ സന്മാർഗം പ്രാപിച്ച് സമ്പൂർണ്ണരുമായി. അബൂജഹ്ലും അയാളുടെ കൂട്ടുകാരും നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങൾ കണ്ടു. ദൈവികപ്രകാശവും അനുഗ്രഹവും ദർശിക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ട് ഒരു ഫലവും അവർക്കുണ്ടായില്ല.

ഭയപ്പെടേണ്ടത് ഇത്തരം ഘട്ടങ്ങളിലാണ്. അബൂജഹ്ലിനെ നിഷേധിയാക്കിത്തീർത്ത ആ സംഗതി എന്തായിരുന്നു? അയാൾ മഹാനായ ഒരു നബിയുടെ കാലത്ത് ജീവിച്ചു. നബിമാർപോലും അക്കാലത്ത് ജീവിക്കാൻ അതിയായി ആഗ്രഹിച്ചവരായിരുന്നു. ഹദ്റത്ത് ആദംؑ മുതൽ തുടർന്നുവന്ന ഓരോ നബിമാരുടേയും ആഗ്രഹം അതായിരുന്നു. എന്നാൽ, അവർക്കാർക്കും അക്കാലം കിട്ടിയില്ല. സകല കാലത്തെക്കാളും അനുഗ്യഹീതമായിരുന്ന അക്കാലം ഈ നിർഭാഗ്യവാന് ലഭിച്ചു. പക്ഷേ, അയാൾ അതിനെ പ്രയോജനപ്പെടുത്തിയില്ല. ഇതിൽനിന്ന് വ്യക്തമായും പ്രകടമാകുന്നതും ഭയപ്പെടേണ്ടതുമായ സ്ഥാനമാണ് അതായത് അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും കേൾക്കുന്നതിനുള്ള ചെവിയും മനസ്സിലാക്കുന്നതിനുള്ള മനസ്സും ഉണ്ടാകാത്തിടത്തോളം നബിയും ദൈവനിയോഗിതനും പറയുന്ന കാര്യങ്ങളിൽനിന്നു ആർക്കും ഒട്ടും ഫലവുമെടുക്കാൻ സാധിക്കുകയില്ല.

"ഞാൻ വീണ്ടും പറയട്ടെ, പ്രകൃതിയിൽ രണ്ടുവിഭാഗം ജനങ്ങളുണ്ട്. ഒരു കൂട്ടരുടെ ആന്തരികശക്തി പരിശുദ്ധമായിരിക്കും. നിറഞ്ഞ അത്തർ കുപ്പിപോലെ, ഗുണവും സന്മാർഗവും പ്രാപിക്കുന്നതിനുള്ള വാസന അവരിൽ നിറഞ്ഞിരിക്കും. ജ്വലിച്ചെരിയാൻ എണ്ണയും തിരിയുമെല്ലാം അവരിൽ ഗുപ്തമായിട്ടുണ്ടാകും. ഒരു ചെറുതീപ്പൊരി മാത്രമേ ആവശ്യമുള്ളൂ. ഒരു പൊരി വീണാൽ, അതുമതി അത് തെളിഞ്ഞു കത്താൻ.

അതായിരുന്നു ഹദ്റത്ത് അബൂബക്ർؓ. അദ്ദേഹത്തിന്റെ പ്രകൃതിയിൽ ആദ്യമേതന്നെ സൗഭാഗ്യത്തിന്റെ എണ്ണയും തിരിയുമുണ്ടായിരുന്നു. അതുകൊണ്ട് ആദരണീയനായ പ്രവാചകൻﷺന്റെ പരിശുദ്ധ അധ്യാപനം അതിനെ ഹഠാൽ ആകർഷിക്കുകയും പ്രേജ്വലിപ്പിക്കുകയും ചെയ്തു. അദ്ദേഹം പ്രവാചകൻﷺനോട് ഒരു ചർച്ചയും നടത്തിയില്ല. ഒരു ദൃഷ്ടാന്തവും, മുഅ്ജിസത്തും ചോദിച്ചില്ല. 'അങ്ങ് നുബുവ്വത്ത് വാദിക്കുന്നുണ്ടോ?' എന്നു മാത്രം ചോദിച്ചു. 'ഉണ്ട്' എന്ന് നബിﷺ പ്രതിവചിച്ചപ്പോൾ, 'അങ്ങ് സാക്ഷി, ആദ്യമായി ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു' എന്നു പറഞ്ഞു.

ചോദ്യം ചോദിച്ച് നടക്കുന്നവർ അപൂർവ്വമായിട്ടേ വിശ്വസിക്കുകയുള്ളൂ എന്നത് പരീക്ഷണത്തിലൂടെ തെളിഞ്ഞിട്ടുള്ള കാര്യമാണ്. എന്നാൽ, സദുദ്ദേശ്യത്തോടും ക്ഷമയോടുംകൂടി പ്രവർത്തിക്കുന്നവർ സന്മാർഗ്ഗത്തിൽ പൂർണ്ണമായും ഭാഗഭാക്കാകും. ഇതിന്റെ മാതൃക ഹദ്റത്ത് അബൂബക്ർؓലും അബൂജഹ്‌ലിലുമുണ്ട്. ഹദ്റത്ത് അബൂബക്ർؓ അശേഷം സംശയം പ്രകടിപ്പിച്ചില്ല. ദൃഷ്ടാന്തം ചോദിച്ചതുമില്ല. എന്നാൽ, ദൃഷ്ടാന്തം ചോദിച്ച് നടന്നവർക്ക് കൊടുക്കാതിരുന്നത് അല്ലാഹു അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം ദൃഷ്ടാന്തത്തിനുമേൽ ദൃഷ്ടാന്തം കണ്ടു. അദ്ദേഹം തന്നെയും ഒരു മഹത്തായ ദൃഷ്ടാന്തമായിത്തീർന്നു. എന്നാൽ, അബൂജഹ്ൽ ദൃഷ്ടാന്തം ചോദിക്കുകയും സംവാദമുന്നയിക്കുകയും ചെയ്തു. അക്രമ പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. അയാൾ ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടാന്തങ്ങൾ കണ്ടു. പക്ഷേ, അവയെ എങ്ങനെ കാണണമായിരുന്നുവോ അതുപോലെ കണ്ടില്ല. അവസാനം അയാൾ മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമായിത്തീരുമാറ് ശത്രുവായിത്തന്നെ നശിക്കുകയും ചെയ്തു. ഇതിൽ നിന്ന്, വിശ്വാസത്തിന്റെ പ്രകാശമുള്ള പ്രകൃതക്കാർക്ക് അധികം പറഞ്ഞു കൊടുക്കേണ്ട ആവശ്യമില്ലെന്നത് വളരെ വ്യക്തമാണ്. അവർക്ക് ലക്ഷ്യം പ്രാപിക്കാൻ ഒരേയൊരു വാക്കുമതി. അവരുടെ ഹൃദയത്തിൽ ഒരു വിളക്കുണ്ട്. ശബ്ദം കേട്ടയുടൻ അത് തെളിയാൻ തുടങ്ങും. അവരിലെ ദൈവികശക്തി ആ ശബ്ദംകേട്ട് തുടിക്കുകയും വളർന്നു തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയൊരു ശക്തിയില്ലാത്തവർ നിഷേധികളായി നാശമടയുന്നു. ലോകാരംഭം മുതൽ നടന്നുവരുന്ന രീതി ഇതുതന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഓരോരുത്തരും ഭയപ്പെടേണ്ടതുണ്ട്. ജനനന്മയ്ക്കായി ഏതെങ്കിലും കാലത്ത് ദൈവനിയോഗിതൻ ജന്മമെടുക്കുമ്പോൾ, ആ ദൈവനിയോഗിതനെ സ്വീകരിക്കാനും വിശ്വസിക്കാനും തയ്യാറാകുന്നവർ അനുഗൃഹീതരാണ്. എന്നാൽ, തന്റെ ഹൃദയം നിഷ്ഠൂരമായി കാണുന്നവരും വിശ്വാസത്തിന്റെ മാർഗ്ഗം നിഷേധിക്കുന്നവരും അത് അശുഭപര്യവസാനത്തിന്റെ അടയാളവും നിർഭാഗ്യതയുടെ കാരണങ്ങളുമാണെന്നു കരുതി ഭയപ്പെടേണ്ടതാണ്.

നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക! സത്യവിശ്വാസം സ്വീകരിക്കാനാവശ്യമായ ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ടിട്ടും അവയെ വിശ്വസിക്കാത്തവരുടേയും സന്മനസ്സോടെയും ക്ഷമയോടെയും പ്രവർത്തിക്കാത്തവ

**• ഹദീഥുന്നബ്‌വിﷺ •**

"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ'

ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

"സിൻ വർജിഹ്."

അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

രുടെയും സത്യമാർഗത്തെ നിഷേധിക്കാൻ അവസരം പാർത്തിരിക്കുന്നവരുടെയും സ്ഥിതി കഷ്ടം തന്നെയാണ്. എത്ര വലിയ ദൃഷ്ടാന്തം അവർക്കുണ്ടായാലും അവർക്കത് പ്രയോജനം ചെയ്യില്ല. അവർക്ക് ഒരേയൊരു ചിന്തയേ ഉണ്ടാകൂ. ഇവയെയൊക്കെ എങ്ങനെ എതിർക്കണമെന്നതായിരിക്കുമത്. അത്തരക്കാർ അത്, നിർഭാഗ്യരുടെ സമ്പ്രദായമാണെന്ന് മനസ്സിലാക്കി ഭയപ്പെടേണ്ടതാണ്. നന്മയെ ഉപദേശിച്ചും തിന്മയെ നിഷേധിച്ചും ഈ സംഘം ഒരിക്കലും ഫലമെടുത്തിട്ടില്ല. അല്ലാഹുവിന്റെ സന്ദേശം അവർ കേട്ടപ്പോൾ, അല്ലാഹുവിൽനിന്ന് നിയോഗിതനായ വ്യക്തിയുടെ ശബ്ദം അവരുടെ ചെവിയിൽ പതിഞ്ഞപ്പോൾ അതിനെതിരെ പോരാടാൻ അവർ എഴുന്നേറ്റുനിന്നു. തലതിരിഞ്ഞ ചിന്തയും അറുപിശുക്കും അനാവശ്യമായ ശത്രുതയും കാരണം ദൈവികമാർഗത്തെ തടയാനുള്ള ഗൂഢാലോചനയിലും അവർ മുഴുകി. അതിലവർ പുരോഗമിക്കുകയും ഒടുക്കം അത് വൻപോരാട്ടത്തിലേക്കും സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കുതന്നെയും വഴിപ്പെടുകയും ചെയ്തു. സ്വന്തം നാശത്തിന്റെ കുഴി സ്വയം തോണ്ടുകയായിരുന്നു അവർ.

'അങ്ങനെതന്നെയാണ് നബിﷺതിരുമേനിയുടെ കാലത്തുണ്ടായ അവസ്ഥ. ഒരു കൂട്ടർ സത്യവിശ്വാസത്തിൽ അഭിവൃദ്ധിപ്പെട്ടു. ദൈവിക കല്പനക്ക് വിധേയരായി ആടുമാടുകളെപോലെ അറുക്കപ്പെട്ടു. ഭാര്യയും കുട്ടികളും എന്താകുമെന്ന ചിന്തയൊന്നും അവർക്കുണ്ടായില്ല. സ്നേഹത്തിന്റെ ലഹരിപാനീയം അല്പം അവരെ കുടിപ്പിച്ചു. തൽഫലമായി അവർ ലൗകികമായി ഒന്നും പരിഗണിക്കാതെ സ്വന്തം ജീവൻ പോലും ബലികൊടുത്തു. എങ്ങനെ അവർ നബിﷺ തിരുമേനിയെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നുവെന്ന് കാണുമ്പോഴാണ് അവരുടെ ഈ അത്ഭുതസിദ്ധി മനസ്സിലാക്കാൻ കഴിയുക.

**ബയ്അത്തിന്റെ കാമ്പ് സ്വീകരിക്കുക**

ബയ്അത്ത് ചെയ്ത് അതായത്, അനുസരണപ്രതിജ്ഞചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നതുകൊണ്ടു മാത്രം അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കാൻ കഴിയുമെന്ന് ആരും കരുതരുത്. അതൊരു പുറന്തോടാകുന്നു. അതിനുള്ളിൽ കാമ്പ് വേണം. അതു പ്രകൃതിനിയമമാണ്. എല്ലാറ്റിലും പുറന്തോടുണ്ടാകും. പ്രയോജനപ്പെടുന്നത് അതിനകത്തുള്ള കാമ്പായിരിക്കും. കാറ്റുനിറഞ്ഞ കോഴിമുട്ടപോലെ കാമ്പില്ലാത്ത ചിലരുമുണ്ടാകാറുണ്ട്. അതിൽ മഞ്ഞക്കരുവോ വെള്ളക്കരുവോ കാണുകയില്ല. വലിച്ചെറിയുകയേ നിവൃത്തിയുള്ളൂ. ചിലപ്പോൾ ഏതാനും സമയം അതുകൊണ്ട് കുട്ടികൾക്ക് കളിക്കുമായിരിക്കും. അതിൽ കവിഞ്ഞ് അതിനെക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല. അതുപോലെ ബയ്അത്തിന്റേയും വിശ്വാസത്തിന്റേയും വാദം ഉന്നയിക്കുന്ന ആൾ അവ രണ്ടിന്റേയും കാമ്പ് ഉൾക്കൊള്ളുന്നില്ലെങ്കിൽ കാമ്പ് നഷ്ടപ്പെട്ട മുട്ടപോലെ വലിച്ചെറിയപ്പെടുന്ന നേരം വന്നെത്തുന്നതാണ്. അതുകൊണ്ട് അത്തരക്കാർ ഭയക്കേണ്ടതാണ്.

ഇപ്രകാരംതന്നെ ബയ്അത്തിന്റേയും ഈമാനിന്റേയും അവകാശവാദം പുറപ്പെടുവിക്കുന്നവർ തങ്ങൾ പുറന്തോടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സത്യവിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വിശ്വാസാദർശത്തിന്റേയും ശിഷ്യത്വത്തിന്റേയും ഇസ്ലാമിന്റേയും അനുസരണപ്രതിജ്ഞയുടേയും കാമ്പില്ലാത്ത വാദം നിരർഥമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനാണ് വില; പുറന്തോടിനല്ല. ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. മരണം എപ്പോൾ വന്നെത്തുമെന്ന് ആർക്കും അറിയില്ല. പക്ഷേ, അത് സുനിശ്ചിതമാണ്. കേവലം വാദത്തിൽ ഒരിക്കലും തൃപ്തനായിരിക്കരുത്. സന്തോഷിക്കുകയുമരുത്. മനുഷ്യൻ തന്നിലേക്ക് നിരവധി മരണം വരിക്കാത്തിടത്തോളം അതു ഫലം ചെയ്യുന്ന വസ്തുവല്ല. അനേകം മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും പുറത്ത് വരാത്തിടത്തോളം അവൻ മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യത്തെ പ്രാപിക്കുകയുമില്ല.(തുടരും) *(അൽഹക്കം, വാള്യം 5, നമ്പർ 1, പേജ് 2 - 4. 1901 ജനുവരി 10, മൽഫൂദാത്ത് വാള്യം 2. പേജ് 163 - 171)*

പേജ് 6 ൽ നിന്ന്

ലും ഉടമ്പടിയിലും മാത്രമല്ല ഉണ്ടായിരുന്നത്. മറിച്ച്, ആദ്യകാല ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മദീനയിൽ നബിﷺ തിരുമേനിയുടെ ഭരണത്തെ അംഗീകരിച്ചവരായിരുന്നു. ചുരുങ്ങിയപക്ഷം നബിﷺ തിരുമേനി sovereignty (പരമാധികാരം) അംഗീകരിച്ചവരുമായിരുന്നു. അതുകൊണ്ട് അവരുടെ അവസ്ഥ കേവലം ഒരു വഞ്ചന നടത്തിയ സുഹൃത്തിന്റെയോ ഒരു നിസ്സാരക്കാരനായ ശത്രുവിന്റേതോ അല്ലായിരുന്നു. മറിച്ചവർ കലാപകാരികളുടേതായിരുന്നു. അതും ഭയാനകമായ കലാപകാരികൾ. കലാപകാരികൾക്കുള്ള ശിക്ഷ പ്രത്യേകിച്ചും യുദ്ധാവസരത്തിൽ മരണമല്ലാതെ മറ്റൊന്നും ആയിരുന്നില്ല. കലാപകാരികൾക്കും പരമാവധി ശിക്ഷ നൽകുന്നില്ലെങ്കിൽ ഭരണസംവിധാനംതന്നെ തകർന്നുപോകുന്നതാണ്. ദ്രോഹികൾക്കും കലാപകാരികൾക്കും പൊതുസമാധാനഭംഗമുണ്ടാക്കുന്നതിനുള്ള ധൈര്യം കിട്ടുകയും ചെയ്യുന്നതാണ്. അതിന്റെ പരിണിതിയും ഭയാനകമായിരിക്കും. തീർച്ചയായും അത്തരം സാഹചര്യത്തിൽ കലാപകാരിക്കുനേരെ കരുണ കാണിക്കുന്നത് വാസ്തവത്തിൽ രാജ്യത്തിന്റെയും രാജ്യത്തിലെ സമാധാനകാംക്ഷികളുടെയുംമേൽ അക്രമം ചെയ്യുന്നതിന് സമമായിരിക്കും.

അതുകൊണ്ടുതന്നെ, സംസ്കാരസമ്പന്നരായ എല്ലാ ഭരണകൂടങ്ങളും അങ്ങനെയൊരു സാഹചര്യത്തിൽ കലാപകാരികൾക്ക് അവർ പുരുഷന്മാരാണെങ്കിലും സ്ത്രീകളാണെങ്കിലും വധശിക്ഷ തന്നെയാണ് നൽകിക്കൊണ്ടിരുന്നത്. ബുദ്ധിമാനായ ആരുംതന്നെ അതിൽ ആക്ഷേപം ഉന്നയിച്ചിട്ടുമില്ല. ചുരുക്കത്തിൽ സഅ്ദിന്റെ തീരുമാനം തികച്ചും നീതിയുക്തവും ന്യായപൂർണ്ണവുമായിരുന്നു. നബിﷺതിരുമേനിക്ക് തന്റെ ഭരണകാലത്ത് ഈ തീരുമാനത്തെ സംബന്ധിച്ചിടത്തോളം കാരുണ്യപൂർവ്വം പെരുമാറാൻ കഴിയുമായിരുന്നില്ല. അതേസമയം ആളുകളെ സംബന്ധിച്ചിടത്തോളം അതിനുവേണ്ടി എല്ലാ നിലക്കും ശ്രമിക്കുകയും ചെയ്തിരുന്നു.

മനസ്സിലാക്കാൻ കഴിയുന്നത് ചില യഹൂദികൾ മാപ്പ് ചോദിച്ചപ്പോൾ അവർക്ക് മാപ്പു കൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ, ആ ജനതക്ക് മൊത്തം മാപ്പുകൊടുക്കാൻ കഴിയുമായിരുന്നില്ല. കാരണം, സഅ്ദിനോട് അവർ നേരത്തെ വാഗ്ദാനം ചെയ്തതായിരുന്നു. പക്ഷേ, മറ്റൊരു കാര്യംകൂടി മനസ്സിലാവുന്നുണ്ട്. യഹൂദികൾ നബിﷺ തിരുമേനിയെ വിധികർത്താവാക്കുന്നത് അംഗീകരിച്ചിട്ടില്ലാത്തതിനാൽ നബിﷺ തിരുമേനിക്കുമുന്നിൽ കാരുണ്യത്തിന്റെ യാചനയുമായി പോവുകയും ചെയ്തില്ല. അപ്പീൽ ചെയ്യാത്തിടത്തോളം നബിﷺതിരുമേനിക്ക് അവർക്കുമേൽ കരുണ ചെയ്യാനും കഴിയുമായിരുന്നില്ല. കാരണം കലാപകാരികൾ തങ്ങളുടെ കുറ്റത്തിൽ ലജ്ജ പ്രകടിപ്പിക്കുകപോലും ചെയ്യാതിരിക്കെ കാരണമേതുമില്ലാതെ അവരെ വെറുതെ വിടുന്നത് രാഷ്ട്രതന്ത്രപരമായി വളരെയേറെ അപകടകരമായ പരിണിതികളുണ്ടാക്കുമായിരുന്നു. മറ്റൊരു കാര്യം കൂടി ഓർക്കേണ്ടിയിരിക്കുന്നു. നബിﷺതിരുമേനിക്കും യഹൂദികൾക്കുമിടയിൽ ആരംഭകാലത്തുണ്ടാക്കിയ ഉടമ്പടിയുടെ നിബന്ധനകളിലൊന്ന് യഹൂദരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും കാര്യത്തിൽ തീർപ്പ് കൽപ്പിക്കേണ്ടി വന്നാൽ പ്രസ്തുത തീരുമാനം അവരുടെ ശരീഅത്തനുസരിച്ച് ആയിരിക്കുമെന്നതായിരുന്നു.

ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്, ഈ ഉടമ്പടിപ്രകാരം നബിﷺതിരുമേനി ഇപ്പോഴും യഹൂദികളെ സംബന്ധിച്ച് മൂസവീ ന്യായപ്രമാണം അനുസരിച്ചായിരുന്നു തീരുമാനം എടുത്തിരുന്നത്. ഇനി നമ്മൾ തൗറാത്ത് നോക്കുകയാണെങ്കിൽ അവിടെ ഇത്തരം കുറ്റത്തിനുള്ള ശിക്ഷ,

• ഹദീഥുന്നബ്വിﷺ •

"ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ
അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."
ഒരു വിശ്വാസി തന്റെ സഹോദരനോടു മുന്നുദിവസത്തിലധികം
ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല

ത്വാലിബെ ദുആ

E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്വിﷺ •

"സയ്യിദുൽഖൗമി ഖാദിമുഹും."
സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

അതായത് ബനൂഖുറയ്ള്വ ചെയ്ത കുറ്റത്തിന് നൽകപ്പെടുന്ന ശിക്ഷ സഅ്ദ് ബിൻ മുആദ്, ബനൂ ഖുറയ്ള്വക്ക് നൽകിയതു തന്നെയായിരുന്നു.

ബൈബിളിൽ ദൈവകൽപ്പന ഇങ്ങനെ എഴുതിയിരിക്കുന്നു, 'നീ ഒരു പട്ടണത്തോടു യുദ്ധം ചെയ്യാൻ അടുത്തുചെല്ലുമ്പോൾ സമാധാനം വിളിച്ചു പറയേണം. സമാധാനം എന്നു മറുപടി പറഞ്ഞു വാതിൽ തുറന്നുതന്നാൽ അതിലുള്ള ജനം എല്ലാം നിനക്കു ഊഴിയവേലക്കാരായി സേവ ചെയ്യേണം. എന്നാൽ, അതു നിന്നോടു സമാധാനമാകാതെ യുദ്ധം ചെയ്യുന്നു എങ്കിൽ അതിനെ നിരോധിക്കേണം. നിന്റെ ദൈവമായ യഹോവ അതു നിന്റെ കൈയിൽ ഏൽപിച്ചശേഷം അതിലുള്ള പുരുഷപ്രജയെ ഒക്കെയും വാളിന്റെ വായ്ത്തലയാൽ കൊല്ലേണം. എന്നാൽ, സ്ത്രീകളെയും കുട്ടികളെയും നാൽക്കാലികളെയും പട്ടണത്തിലുള്ള സകലത്തെയും അതിലെ കൊള്ളയൊക്കെയും നിനക്കായിട്ടു എടുത്തുകൊള്ളാം. ആവർത്തനം പുസ്തകം ഇരുപതാം അധ്യായത്തിലെ പത്തു മുതൽ പതിനഞ്ച് വരെയുള്ള വാക്യങ്ങളാണിത്.

യഹൂദി ശരീഅത്തിന്റെ ഈ കൽപ്പന ഒരിക്കലും പ്രവർത്തികമാക്കിയിട്ടില്ലാത്ത ഒരു കടലാസ് കൽപ്പന മാത്രമല്ല. മറിച്ച് ബനീ ഇസ്രായീൽ അതനുസരിച്ചു എപ്പോഴും പ്രവർത്തിച്ചിട്ടുണ്ട്, യഹൂദവിധികകളെല്ലാം എപ്പോഴും ഈ തത്ത്വമനുസരിച്ചാണ് തീരുമാനമായിട്ടുള്ളത്.ഉദാഹരണമായി നോക്കുക:

"അവർ, അതായത് ബനീ ഇസ്രായേലുകാർ യഹോവ മോശെയോടു കല്പിച്ചതുപോലെ മിദ്യാന്യരോടു യുദ്ധം ചെയ്തു. ആണുങ്ങളെ ഒക്കെയും കൊന്നു. നിഹതന്മാരുടെ കൂട്ടത്തിൽ അവർ മിദ്യാന്യ രാജാക്കന്മാരായ ഏവി, രേക്കെം, സൂർ, ഹൂർ, രേബ എന്നീ അഞ്ചു രാജാക്കന്മാരെയും കൊന്നു; ബെയോരിന്റെ മകനായ ബിലെയാമിനെയും അവർ വാളുകൊണ്ടു കൊന്നു. യിസ്രായേൽമക്കൾ മിദ്യാന്യസ്ത്രീകളെയും അവരുടെ കുഞ്ഞുങ്ങളെയും ബദ്ധരാക്കി; അവരുടെ സകലവാഹനമൃഗങ്ങളെയും ആടുമാടുകളെയും അവരുടെ സമ്പത്തൊക്കെയും കൊള്ളയിട്ടു. അവർ പാർത്തിരുന്ന എല്ലാപട്ടണങ്ങളും എല്ലാപാളയങ്ങളും തീയിട്ടു ചുട്ടുകളഞ്ഞു. അവർ എല്ലാകൊള്ളയും മനുഷ്യരും മൃഗങ്ങളുമായുള്ള അപഹൃതമൊക്കെയും എടുത്തു. ബദ്ധന്മാരെ അപഹൃതത്തോടും കൊള്ളയോടുംകൂടെ യെരീഹോവിന്റെ സമീപത്തു യോർദ്ദാന്നരികെയുള്ള മോവാബ് സമഭൂമിയിൽ പാളയത്തിലേക്കു മോശെയുടെയും പുരോഹിതനായ എലെയാസാരിന്റെയും യിസ്രായേൽസഭയുടെയും അടുക്കൽകൊണ്ടു വന്നു. സംഖ്യാപുസ്തകം 31 ഏഴ് മുതൽ പന്ത്രണ്ടുവരെ വചനങ്ങളിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

ഹദ്റത്ത് ഈസാ മസീഹും ബനീ ഇസ്രായേലിൽനിന്ന് തന്നെയായിരുന്നു. അദ്ദേഹത്തിന് ജീവിതകാലത്ത് ഭരണാധികാരം കിട്ടിയിരുന്നില്ല. യുദ്ധം ചെയ്യേണ്ട അവസരവും വന്നിട്ടില്ല. അതുകൊണ്ട് പ്രത്യക്ഷത്തിൽ ഈ രീതി അവലംബിക്കേണ്ടി വന്നില്ല. ദ്രോഹികളും ദുർഭഗന്മാരുമായ ശത്രുക്കളെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ചിന്താഗതി എന്തായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ചില വാചകങ്ങളിൽ നിന്ന് നമുക്ക് അനുമാനിക്കാവുന്നതേ ഉള്ളൂ. ഹദ്റത്ത് ഈസാؑതന്റെ ശത്രുക്കളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: 'പാമ്പുകളേ, സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും?' അതായത്, അല്ലയോ ജനങ്ങളേ, നിങ്ങൾ വിഷസർപ്പങ്ങളെപ്പോലെയായതു കാരണം നശിപ്പിക്കപ്പെടാൻ അർഹരാണ്. (മത്തായി.23:33)

പക്ഷേ, നിങ്ങൾക്ക് ശിക്ഷ നൽകാൻ എനിക്ക് കഴിവില്ല. നിങ്ങൾ ദൈവത്തെ ഭയപ്പെടുക. നരകശിക്ഷയെ ഓർത്തുകൊണ്ടെങ്കിലും തങ്ങളുടെ മോശം സ്വഭാവത്തിൽ നിന്നും ദ്രോഹത്തിൽനിന്നും വിട്ടുനിൽക്കുക. ഒരുപക്ഷേ, ഈ കാരണം കൊണ്ടുതന്നെയായിരിക്കാം യേശുവിന്റെ അനുയായികൾക്ക് ലോകത്ത് ശക്തി ലഭിച്ചപ്പോൾ അവർ മിശിഹായുടെ ഈ അധ്യാപനമനുസരിച്ച് ദ്രോഹികളും ദുർഭഗന്മാരുമായ ശത്രുക്കൾ പാമ്പുകളെയും തേളുകളെയും പോലെ നശിപ്പിക്കപ്പെടേണ്ടവരാണെന്ന് മനസ്സിലാക്കുകയും അവർ മോശക്കാരും ദ്രോഹികളുമാണെന്ന് കരുതുകയും തങ്ങളുടെ ഉദ്ദേശ്യങ്ങൾക്ക് വിഘ്നമാണെന്ന് കാണുകയും ചെയ്തപ്പോൾ അവരെ നശിപ്പിക്കാൻ ഒട്ടും അമാന്തിച്ചില്ല. അതാണ് നമുക്ക് കാണാൻ കഴിയുന്നത്. ക്രിസ്തീയസമൂഹങ്ങളുടെ ചരിത്രം ഇത്തരം ഉദാഹരണങ്ങളാൽ നിറഞ്ഞുകിടക്കുന്നു.

എന്തായാലും, സഅ്ദിന്റെ തീരുമാനം സ്വതവേ കഠിനമാണെന്ന് കരുതിയാൽപ്പോലും അതൊരിക്കലുംതന്നെ നീതിക്കും ന്യായത്തിനും എതിരല്ലായിരുന്നു. തീർച്ചയായും യഹൂദികളുടെ കുറ്റത്തിന്റെ നിലവാരവും മുസ്‌ലിമീങ്ങളുടെ സംരക്ഷണവും അവർക്ക് നൽകപ്പെട്ട ശിക്ഷ തന്നെയാണ് വേണ്ടതെന്ന് പറയുന്നു. മാത്രമല്ല, ഈ തീരുമാനം യഹൂദ ന്യായപ്രമാണത്തിന് അനുസൃതവുമായിരുന്നു. കൂടാതെ, ആരംഭകാലത്തുണ്ടാക്കിയ ഉടമ്പടിയനുസരിച്ച് അങ്ങനെ ചെയ്യേണ്ടതും അനിവാര്യമായിരുന്നു. കാരണം, അതനുസരിച്ചു മുസ്‌ലിമീങ്ങൾ യഹൂദികളെ സംബന്ധിച്ചിടത്തോളം അവരുടെ ശരീഅത്തനുസരിച്ച് തീരുമാനം കൽപ്പിക്കാൻ ബാധ്യസ്ഥരായിരുന്നു. എങ്കിൽ പോലും തീരുമാനമെടുത്തത് സഅ്ദ് ബിൻ മുആദായിരുന്നു. നബിﷺതിരുമേനി അല്ലായിരുന്നു. സഅ്ദിനുമേൽത്തന്നെയാണ് അതിന്റെ ആദ്യത്തെയും അവസാനത്തെയും ഉത്തരവാദിത്വം വന്നുചേരുന്നത്. നബിﷺതിരുമേനിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രാധിപനെന്ന നിലയിൽ പ്രസ്തുത തീരുമാനം തന്റെ ഭരണകൂടത്തിന്റെ സംവിധാനത്തിന് കീഴിൽ നടപ്പാക്കുക മാത്രമാണ് ചെയ്തത്. പറഞ്ഞുവന്നതുപോലെ, നബിﷺതിരുമേനി അത് നടപ്പാക്കിയ രീതിയിലും ഇക്കാലഘട്ടത്തിലെ സംസ്കാരസമ്പന്നരും കാരുണ്യവർത്തികളുമായ ഭരണകൂടങ്ങൾക്ക് പോലും ഉത്തമമാതൃകയും കാണപ്പെടുന്നുണ്ട്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 588)*

ഇതാണ് ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടി. ഇത്തരം ആക്ഷേപങ്ങൾ കാരണം നമ്മുടെ ആളുകളും അതിൽ ആകൃഷ്ടരായിക്കൊണ്ട് യുവാക്കളും എന്തുകൊണ്ടാണ് ബനൂഖുറയ്ള്വയെ വധിച്ചതെന്ന് ചോദ്യമുന്നയിക്കാറുണ്ട്. ഇതിനെ മാനദണ്ഡമാക്കിക്കൊണ്ട് ചില ചോദ്യകർത്താക്കൾ ഫലസ്തീനെതിരിലുള്ള നിലപാടുകളെയും ശരിയാണെന്ന് പറയുന്നു. വാസ്തവത്തിൽ അന്നുണ്ടായിരുന്ന അവസ്ഥകൾ വെച്ചുനോക്കുമ്പോൾ അതിന്റെ അവസ്ഥതന്നെ ഒന്ന് വേറെയായിരുന്നു. അതിന് ഇന്നത്തെ അവസ്ഥകളിൽ ചെയ്യുന്ന പ്രതികാരവുമായോ സ്ത്രീകളെയും കുട്ടികളെയും കൊന്നൊടുക്കുന്നതുമായോ ഒരുവിധ ബന്ധവുമില്ല.

• ഹദീഥുന്നബ്വിﷺ •
"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."
കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.
ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വിﷺ •
"ലാ യശ്ക്കുറുല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."
ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.


ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

**ഈ എല്ലാ പ്രശ്നത്തിനും കാരണം മുസ്‌ലിമീങ്ങൾ തന്നെയാണ്. അവർ തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി ഇസ്‌ലാമിന്റെപ്രൗഢിയെ ഇല്ലാതാക്കുന്നു. അല്ലാഹു അവർക്ക് ബുദ്ധി നൽകുമാറാകട്ടെ. ആമീൻ** *(വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിങ്ങ്: താരിഖ് അലനല്ലൂർ)*

പേജ് 1 ൽ നിന്ന്

ഇവൻ ദൈവങ്ങളെയെല്ലാം (ചേർത്ത്) ഒരു ദൈവമാക്കിയിരിക്കുകയാണോ? ഇത് ഒരിക്കലും കേൾക്കപ്പെട്ടിട്ടില്ലാത്ത ആശ്ചര്യകരമായൊരു കാര്യംതന്നെ.(38:6) അതായത് ആരാധിക്കപ്പെടുന്നവർ ധാരാളമുണ്ടെന്നാണ് അവർ കരുതിയിരുന്നത്. എന്നാൽ, ഒരു ദൈവമെന്നു പറയുന്ന ഈ വ്യക്തി എല്ലാ ദൈവങ്ങളേയും ഒരുമിച്ചൊരുമിച്ചുകൂട്ടി ഒരു ദൈവമാക്കിയതായിരിക്കാം. എന്നാൽ, ഈ മുഴുവൻലോകവും ഇസ്‌ലാമിക തൗഹീദിനെ അഥവാ ഏകദൈവ വിശ്വാസത്തെ സ്വായത്തമാക്കിക്കൊണ്ടിരിക്കുകയും അന്യാരാധകരായ ജനതകൾ അന്യാരാധന നടത്തിക്കൊണ്ടിരുന്നിട്ടും തൗഹീദിനെ നിഷേധിക്കാനുള്ള തന്റേടം അവർക്കുണ്ടാകുന്നില്ല. ഇതേ അവസ്ഥതന്നെയാണ് മറ്റു പ്രശ്നങ്ങളുടേയും. യൂറോപ്പ് ഒരു ദീർഘകാലംവരെ ഇസ്‌ലാമിക കാര്യങ്ങളിൽ ആക്ഷേപമുന്നയിച്ചുകൊണ്ടിരുന്നു. എന്നാൽ, ഇപ്പോൾ അവിടുത്തെ വിദ്യാസമ്പന്നരും ഉയർന്ന വിഭാഗത്തിൽപ്പെട്ടവരുമായ ചില നല്ല യാളുകൾ, ആദ്യമെ ഇസ്‌ലാമിനു നിരക്കാത്തതായി മനസ്സിലാക്കിയിരുന്ന കാര്യങ്ങൾ അതിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവായി മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ഞാൻ അവിടെ പോകുന്നതിന് കുറച്ചുദിവസം മുമ്പേ അവിടുത്തെ ഒരു പ്രസിദ്ധ സംഗീതജ്ഞൻ- അദ്ദേഹം ലണ്ടനിലെ ഒരു വലിയ ഓപ്പറയിലെ ജോലിക്കാരനും പിയാനോ വായിക്കുന്ന ആളുമാണ്- അദ്ദേഹത്തിന്റെ മനസ്സിൽ ഇസ്‌ലാമിനോടു താൽപര്യമുണ്ടായി. എന്നോടു അവിടുത്തെ മുബല്ലിഗുമാർ പറഞ്ഞു:അയാൾക്ക് ഇസ്‌ലാമിനോടു താൽപര്യമുണ്ടാകാനുള്ള അത്ഭുതകരമായൊരു കാരണം, അതു സാധാരണ കാര്യങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഇതിൽനിന്ന് അല്ലാഹു ആളുകളുടെ ബുദ്ധിയ്ക്ക് എങ്ങനെയാണ് മാറ്റമുണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാകുന്നു. ഒരു കാലമുണ്ടായിരുന്നു. അന്ന് ഇസ്‌ലാമിന്റെ വഴിയിൽ ഏറ്റവും വലിയ തടസ്സം ബഹുഭാര്യത്വമായിരുന്നു. അതാണ് ഏറ്റവും വലിയ പ്രശ്നമായി മനസ്സിലാക്കിയിരുന്നത്. ഒന്നിലധികം വിവാഹം കഴിക്കുന്നത് അക്രമമാണെന്ന് പറഞ്ഞ് യൂറോപ്യൻകാർ നിർബന്ധം പിടിക്കാറുണ്ടായിരുന്നു. ഇപ്പോഴത്തെ അവസ്ഥയെന്തെന്നാൽ അയാളുടെ മനസ്സിൽ ഇസ്‌ലാമിനോടു സ്നേഹമുണ്ടായപ്പോൾ അയാളാദ്യം ചില മുസ്‌ലിമീങ്ങളുടെ അടുത്തുപോയി. അയാൾ ചോദിച്ചു: ഇസ്‌ലാമിലെ ബഹുഭാര്യത്വത്തെ സംബന്ധിച്ച് എന്താണ് അഭിപ്രായം? അവർ പറഞ്ഞു: 'തൗബ തൗബ ഇക്കാര്യം ഇസ്‌ലാമിന്റെ ശത്രുക്കൾ തികച്ചും വക്രീകരിച്ച് അവതരിപ്പിക്കുന്നതാണ്. ഇസ്‌ലാമിൽ അങ്ങനെയൊരു കൽപനതന്നെയില്ല. അതു നിർബന്ധിതാവസ്ഥകളിൽ നിബന്ധനകളോടുകൂടി അനുവാദം നൽകപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്.' ഈ മറുപടി നൽകിയപ്പോൾ അയാൾ പറഞ്ഞു: അവർ എനിക്ക് ഈ മറുപടി നല്കിയപ്പോൾ ഞാൻ പെട്ടെന്ന് ചാടിയെഴുന്നേറ്റുകൊണ്ടു പറഞ്ഞു:'എനിക്ക് ഇസ്‌ലാമിൽ കാണാൻ കഴിയുന്ന ഒരു ഗുണവിശേഷമിതാണ്. നിങ്ങൾ പറയുന്നു, ഇതിനോടൊപ്പം പലനിബന്ധനകളും ഉപാധികളുമുണ്ടെന്ന്! ഇത്- ഇസ്‌ലാം ഇതിന് അനുവാദം നൽകുന്നുണ്ടോയെന്ന്- നല്ലവണ്ണം എനിക്കു പറഞ്ഞുതരാൻ പറ്റുന്ന ആളുടെ അടുത്തുപോകാൻ ഞാനാഗ്രഹിക്കുന്നു.' അങ്ങനെ അയാൾ നമ്മുടെ അടുത്തു വന്നു ചോദിച്ചു: ഇതിനെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ കൽപനയെന്താണ്? നമ്മുടെ മുബല്ലിഗുമാർ പറഞ്ഞു: ഇസ്‌ലാം അതിന് അനുവാദം നൽകുന്നു. എന്നാൽ, അതിനോടൊപ്പം അവർ ഇങ്ങനെയും പറഞ്ഞു:നിങ്ങൾ നീതിപൂർവം പെരുമാറണം. എല്ലാ ഭാര്യമാരോടും അവരോടുള്ള കടമ ഒരുപോലെ നിറവേറ്റണം.'അയാൾ പറഞ്ഞു: ഇക്കാര്യം ശരിതന്നെയാണ്. എന്റെ ബുദ്ധി അതംഗീകരിക്കുന്നുണ്ട്. ഞാൻ മനസ്സിലാക്കുന്നത് യൂറോപ്പ് ഈ അധ്യാപനം ഉപേക്ഷിച്ചുകൊണ്ട് ഒരുപാടു നഷ്ടപ്പെടുത്തിയെന്നാണ്. നമ്മൾ നമ്മുടെ സദാചാരം തകർത്തു കളഞ്ഞു. അതുകൊണ്ട് ഞാനിനി നിങ്ങളുടെ അടുത്തുതന്നെ വന്നുകൊണ്ടിരിക്കുന്നതാണ്. അങ്ങനെ അയാൾ നേരിട്ട് എന്നെ വന്നുകണ്ടു. തന്റെ ഭാര്യയേയും കുട്ടികളേയും നമ്മുടെ വീട്ടിൽ കൊണ്ടുവന്നു. ഇപ്രകാരംതന്നെ മുസ്‌ലിമായിക്കഴിഞ്ഞിരുന്ന ഒരു മുസ്‌ലിം സ്ത്രീയും എന്റെയടുത്തുവന്നു. അവർ സംസാരത്തിന്നിടയിൽ പറഞ്ഞു: ജനറൽ നജീബ് എന്നെ സൗദി അറേബ്യയുടെ രാജാവിന്റെ അടുക്കൽ അയച്ചിരുന്നു. അയാൾ തന്റെ മകനെ വിവാഹം കഴിക്കാനെന്നോടു പറഞ്ഞു. ഞാൻ പറഞ്ഞു, 'നിങ്ങൾ ശുക്ർ ചെയ്യുക. നിങ്ങൾ രക്ഷപ്പെട്ടിരിക്കുന്നു. കാരണം അവർക്ക് ധാരാളം ഭാര്യമാരുണ്ടാകും.' ആ സ്ത്രീ പറഞ്ഞു:'എല്ലാവരും ഭാര്യമാരായിരിക്കുകയില്ല. യഥാർഥ ഭാര്യ ഒന്നുമാത്രമെ ഉണ്ടാകുകയുള്ളൂ. ബാക്കിയുള്ളവരെല്ലാം വെപ്പാട്ടികളായിരിക്കും.' പിന്നീട് പറഞ്ഞു: 'ഇസ്‌ലാം മുസ്‌ലിമീങ്ങൾക്ക് ഒന്നിലധികം വിവാഹം കഴിക്കാൻ അനുവാദം നൽകിയപ്പോൾ ഞാൻ മുസ്‌ലിമായി. അപ്പോൾ എനിക്ക് ഒന്നിലധികം ഭാര്യമാരെക്കൊണ്ട് എന്ത് ആക്ഷേപമുണ്ടാകാനാണ്?' പിന്നീട് അവർ പറഞ്ഞു: 'പല പ്രാവശ്യവും ഞാൻ പാതിരിമാരുമായി സംസാരിച്ചിട്ടുണ്ട്. ഒരിക്കൽ ഒരു പാതിരി ബഹുഭാര്യത്വത്തിന്നെതിരെ പ്രസംഗിച്ചു. അപ്പോൾ ഞാൻ പറഞ്ഞു, നിങ്ങൾ വലിയ വിഡ്ഢിയാണ്. ഭാര്യ ഞാനാണ്. സപത്നി എന്റെ മേലാണോ വരുന്നത്? അതല്ല നിങ്ങളുടെ മേലോ? സപത്നി വരുന്നതുകൊണ്ട് എനിക്കൊരു ആക്ഷേപവുമില്ല. നിങ്ങൾ അനാവശ്യമായി കോപിക്കുകയാണ്. ഞാൻ ഇസ്‌ലാമിന്റെ കൽപ്പന സമ്പന്നമായി കാണുന്നു. കാരണം ഇസ്‌ലാം പുരുഷന് ഒന്നിലധികം വിവാഹം കഴിക്കാൻ അനുവാദം നല്കിയെന്നത് ശരിതന്നെ. എന്നാൽ, അതിനോടൊപ്പം അവർക്ക് ഒരുപോലെത്തെ ഭക്ഷണം കൊടുക്കണമെന്നും വസ്ത്രം കൊടുക്കണമെന്നും വീടുനല്കണമെന്നും അത് പറഞ്ഞു. ഇത്തരം കാര്യങ്ങളുണ്ടാകുമ്പോൾ സ്ത്രീകൾക്ക് പിന്നെന്ത് ആക്ഷേപമുണ്ടാകാനാണ്. നമ്മൾ പ്രേമിച്ചതിനുശേഷം വിവാഹം കഴിക്കുകയാണെങ്കിലും രണ്ടുവർഷം കഴിഞ്ഞാൽ എന്തായാലും വഴക്കുകളുണ്ടാകാറുണ്ട്. ബഹുഭാര്യത്വത്തിന്റെ രീതിയിൽ എന്റെ ഭർത്താവ് ഞാനുമായി വഴക്കിടുകയാണെങ്കിൽ ഒരു വീട് എനിക്കെന്തായാലും സ്വന്തമായിട്ടുണ്ടാകുമല്ലോ? അതിനോടൊപ്പം രണ്ടാമത്തെ വീട് എന്റെ സപത്നിക്കുമുണ്ടാകും. മൂന്നാമത്തെ വീട് എന്റെ മൂന്നാമത്തെ സപത്നിക്കുമുണ്ടാകും. എന്നല്ല ഞാൻ വൈകുന്നേരം എന്റെ ഭർത്താവിന്റെ കൈ പിടിച്ച് അയാളുടെ രണ്ടാമത്തെ ഭാര്യയുടെ വീട്ടിൽകൊണ്ടുപോയി തള്ളിക്കയറ്റും. ദിവസം മുഴുവൻ ഞാൻ ഇവന്റെ ലക്ഷണംകെട്ട മുഖം കണ്ടുകൊണ്ടിരുന്നു, ഇനി നീയും കാണുക എന്ന് അവളോടു പറയും. ഇങ്ങനെയാകുമ്പോൾ കോർട്ട്ഷിപ്പ് കാരണത്താൽ ഞങ്ങളുടെയിടയിൽ വഴക്കൊന്നുമുണ്ടാകുന്നില്ലെങ്കിൽ, അപ്പോഴെന്തെങ്കിലും കാര്യമുണ്ടാകുമായിരുന്നു. പക്ഷേ, ഞങ്ങളുടെ ഇടയിലും വഴക്കുണ്ടാകുന്ന സ്ഥിതിക്ക് ഇസ്‌ലാമിന്റെ അനുവാദംകൊണ്ട് ഒരു വീടെങ്കിലും സ്വന്തമായി ലഭിക്കുമല്ലോ! അതിനോടൊപ്പം രണ്ടാമത്തെ വീട് എന്റെ രണ്ടാമത്തെ സപത്നിക്കുമുണ്ടാകുന്നു. മൂന്നാമത്തെ വീട് എന്റെ മൂന്നാമത്തെ സപത്നിക്കുമുണ്ടാകുന്നു.

ഈ സംഭവം ഞാൻ സംഗീതജ്ഞനെ കേൾപ്പിച്ചപ്പോൾ അയാൾ പറഞ്ഞു: 'അങ്ങ് അവിടുത്തെ കാര്യം പറയുന്നു. ഞാൻ ലണ്ടനിൽ 10000 സ്ത്രീകൾ ഇക്കാര്യത്തിന് തയ്യാറായിട്ടുള്ളവരുണ്ടെന്ന് കാണിക്കാൻ തയ്യാറാണ്. പുരുഷൻ നീതിപൂർവം പെരുമാറുകയാണെങ്കിൽ നിസ്സംശയം എത്രയധികം വിവാഹവും കഴിക്കാം.

പക്ഷേ, ബുദ്ധിമുട്ടെന്തെന്നാൽ നമ്മുടെ രാജ്യത്ത് സദാചാരം എത്രമാത്രം തകർന്നു കഴിഞ്ഞെന്നാൽ, നല്ല ഭർത്താക്കന്മാരെ കിട്ടാനില്ല. ഇനി നോക്കുക എത്ര വലിയ മാറ്റമാണ് യുവാക്കളിലുണ്ടായിക്കൊണ്ടിരിക്കുന്നത്." (തഫ്സീറെ കബീർ വാള്യം 6, പേജ് 87, പ്രസാധനം 2010 ഖാദിയാൻ)

പേജ് 12 ൽ നിന്ന്

നമസ്കരിക്കുന്നത് ഞാനദ്യമായാണ് കേട്ടത്. അദ്ദേഹത്തിന്റെ ശബ്ദത്തിൽ ഒരു വേദനയും ആകർഷണീയതയുമുണ്ടായിരുന്നു. എല്ലാവരും കാലത്തിന്റെ ഖലീഫയോട് വളരെ അനുസരണം പുലർത്തുന്നവരായിരുന്നു. ഉദാഹരണമായി മുദ്രാവാക്യങ്ങൾ മുഴക്കുന്നതിനിടയിൽ ഹുദൂർ നിശബ്ദരാകാൻ പറഞ്ഞു. വളരെ പെട്ടെന്ന് തന്നെ എല്ലാവരും പൂർണമായും നിശബ്ദരായി ഇരുന്നു. ഖലീഫത്തുൽമസീഹിന്റെ വ്യക്തിത്വം കാണുമ്പോൾത്തന്നെ അത് വളരെയധികം ആത്മീയത തുളുമ്പുന്നതും വൈകാരികമായ അന്തരീക്ഷം സൃഷ്ടിക്കുന്നതുമായിരുന്നു.

മറ്റൊരു വിദ്യാർഥിനി: എനിക്ക് മതപരമായ കാര്യങ്ങളിൽ വളരെയധികം താൽപര്യമുണ്ട്. ഇക്കാലഘട്ടത്തിൽ ആളുകൾ പരസ്പരം പുലർത്തുന്ന അഭിപ്രായങ്ങളെന്നെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. ജൽസയിൽ പങ്കെടുത്തുകൊണ്ട് ഇസ്‌ലാമിനെ സംബന്ധിച്ചും ഇതര ജനങ്ങളെ കുറിച്ചും വിശിഷ്യാ സ്വന്തമാളുകളെ കുറിച്ചും അറിയാനും മനസ്സിലാക്കാനും അവസരം ലഭിച്ചു. വളരെയധികം ശാന്ത നിർഭരവും ആതിഥേയത്വത്തിന്റെ എല്ലാ അനിവാര്യതകളും നിർവഹിക്കപ്പെടുന്നതുമായ അന്തരീക്ഷമാണ് ജൽസയുടേത്. ഒരു യഥാർഥ ആത്മീയ വ്യക്തിത്വമാണെന്ന് ഹുദൂറുമായുള്ള കൂടുക്കാഴ്ചയിൽനിന്ന് വ്യക്തമാകുന്നു. കാണുമ്പോൾത്തന്നെ ആദരയുക്തമായ ഹൃദയത്തെ സൃഷ്ടിക്കുന്ന എന്തോ ഒന്ന് അദ്ദേഹത്തിന്റെ ഉള്ളിലുണ്ടെന്ന് തോന്നും. അദ്ദേഹത്തിന്റെ അനുയായികൾ വളരെയധികം ശാന്തസ്വഭാവക്കാരാണ്. സാധാരണ പ്രകൃതമാണ് അദ്ദേഹത്തിന്റേത്. ഒരു സംഘടനയുടെ നേതാവിനുണ്ടാകേണ്ട സവിശേഷതകളും ഇതുതന്നെയാണ്.

കൂടിക്കാഴ്ചയ്ക്കൊടുവിൽ ലിത്വാനിയായിൽനിന്നു വന്ന 3 വിദ്യാർഥി വിദ്യാർഥിനികൾ ഹുദൂറിന്റെ തിരുസമക്ഷം താഴെ ചേർക്കുന്ന ഉർദു കവിത സ്വരമധുരിമയോടെ സംഘമായി അവതരിപ്പിച്ചു.

**സബ് ദുഃഖ് ദർദ് കരൂംഗാ ദൂർ**

**ഇന്നീ മഅക്ക് യാ മസ്റൂർ**

**ഗും ഥേ നാമ് ഹോ ഗയേ മശ്ഹൂർ,**

**ഇന്നീ മഅക്ക യാ മസ്റൂർ**

(എല്ലാ ദുഖവും വേദനയും ഞാൻ അകറ്റുന്നതായിരിക്കും, മസ്റൂറേ! ഞാൻ നിന്നോടൊപ്പംതന്നെയുണ്ട്.

അജ്ഞാതമായിരുന്ന നാമം പ്രസിദ്ധമായിത്തീർന്നു. മസ്റൂറേ! ഞാൻ നിന്നോടൊപ്പംതന്നെയുണ്ട്.)

ഈ കവിത കേട്ടതിനുശേഷം ഹുദൂർ പറഞ്ഞു: 'നല്ലവണ്ണം പാടി, നല്ല ശബ്ദമാണ്.'

എസ്റ്റോണിയായിൽനിന്നു വന്ന റൈനർ കീനും അദ്ദേഹത്തിന്റെ ഭാര്യയും പറയുന്നു: ഓരോ പരിപാടിയും തങ്ങളുടേതായ മുദ്ര പതിപ്പിക്കുന്ന ഒരു സമ്മേളനത്തിലാണ് ഞങ്ങൾക്ക് പങ്കെടുക്കാൻ സാധിച്ചത്. ഹദ്റത്ത് ഖലീഫത്തുൽമസീഹിനോടു വിശിഷ്യാ ഞങ്ങൾക്ക് വളരെ നന്ദിയുണ്ട്. വിലപിടിച്ച സമയം ഹുദൂർ ഞങ്ങൾക്കുവേണ്ടി നീക്കിവെച്ച് കൂടിക്കാഴ്ചക്ക് അവസരം നല്കി.

എസ്റ്റോണിയക്കാരി മരിക്കാ മെറിലാ സാഹിബ പറയുന്നു:എന്റെ ജീവിതത്തിൽ ദൈവത്തെ സ്മരിക്കുന്ന ആയിരക്കണക്കിനാളുകൾ ഒരുമിച്ചുകൂടിയ ഇത്രയും സുന്ദരമായ കാഴ്ച ഞാൻ മുമ്പേ കണ്ടിട്ടില്ല. (ഇവർ സൂചിപ്പിച്ചത് അല്ലാഹു അക്ബർ എന്ന മുദ്രാവാക്യമാണ്)

ഇത്ര വൻതോതിൽ ഉന്നതമായ സംവിധാനമൊരുക്കുക എന്നത് നിങ്ങളുടെ ജമാഅത്തിന്റെ സവിശേഷതയാണ്. എന്നും ഞാനിത് ഓർത്തിരിക്കും. സ്വന്തം ജമാഅത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ കുറിച്ചും ഖലീഫക്ക് വളരെ ചിന്തയുണ്ടെന്നുള്ളത് എന്നെ വളരെ പ്രഭാവിതയാക്കി. ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ഖലീഫ സമ്മാനങ്ങളും വിതരണം ചെയ്യുന്നു.

ഒരു എസ്റ്റോണിയൻ അതിഥിയുടെ ചോദ്യത്തിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി: ജമാഅത്തംഗങ്ങളുടെ ആത്മീയമായ നിലവാരം വർധിക്കുക എന്നതാണ് ജൽസയുടെ വലിയൊരു ലക്ഷ്യം. ഇത് കരസ്ഥമായാൽ ജൽസ വിജയിച്ചു. പോരായ്മകളുണ്ടെങ്കിൽ വരും വർഷങ്ങളിൽ അതിൽ പ്രത്യേക ശ്രദ്ധ ഊന്നുന്നു. ഈ കുറവ് പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

ലിത്വാനിയ, എസ്റ്റോണിയാ അതിഥികളുമായുള്ള ഈ കൂടിക്കാഴ്ച 01.00 മണിവരെ തുടർന്നു. ഒടുവിൽ ഹുദൂർ അൻവർ ഇരു സംഘാംഗങ്ങൾക്കും പേനകൾ സമ്മാനിച്ചു, എല്ലാവരും ഹുദൂറുമൊത്ത് ക്രമത്തിൽ ഫോട്ടോ എടുക്കുകയും ചെയ്തു.

**റുമാനിയൻ സംഘം ഹുദൂറിനെ കണുന്നു.**

റുമാനിയായിൽ നിന്ന് ഈ വർഷം 3 പേരടങ്ങിയ സംഘമാണെത്തിയത്. സിറിയൻ സ്വദേശിയായ ആദരണീയ ഹുസയ്ൻ അൽഹാഫിള് സാഹിബ് നീണ്ടകാലമായി റുമാനിയയിൽ താമസിച്ചു വരുന്നു. അദ്ദേഹം ജൽസയിൽ പങ്കെടുക്കുമ്പോൾ തന്റെ മുബല്ലിഗിനോടു ചോദിച്ചു:ഖലീഫത്തുൽ മസീഹിനെ ദൂരെ നിന്നാണോ അടുത്ത് നിന്നാണോ കാണാൻ അവസരം ലഭിക്കുന്നത്?

മുബല്ലിഗ് സാഹിബ്: ഖലീഫത്തുൽ മസീഹുമായി നമ്മുടെ കൂടിക്കാഴ്ച ഉണ്ടാകും.

ഹുസയ്ൻ അൽഹാഫിള്: എനിക്ക് ഉറച്ചു വിശ്വസിക്കാൻ കഴിയുന്നില്ല. ഞങ്ങളെപ്പോലുള്ള നിസ്സാരന്മാർക്ക് കൂടിക്കാഴ്ചക്ക് അവസരം ലഭിക്കുക സാധ്യമാണോ?

ഇതേ കാര്യം അദ്ദേഹം ഹുദൂറിന്റെ മുമ്പിലും പ്രകടിപ്പിച്ചു. കൂടിക്കാഴ്ചയിലൂടെ ലഭിച്ച അംഗീകാരത്തിൽ സന്തോഷത്തിന്റെ കൊടുമുടിയിലാണ് താനുള്ളതെന്ന് വ്യക്തമാക്കി. ജസാക്കുമുല്ലാഹ് എന്ന ദുആയോടെയും കൃതജ്ഞതാ വികാരത്തോടെയും സന്തോഷവായ്പോടെയും സംസാരിച്ച അദ്ദേഹം കൂടിക്കാഴ്ചക്ക് ഹുദൂറിന്റെ മുമ്പിലെത്തുന്നതുവരെ അസ്തഗ്ഫിറുല്ലാഹ് എന്ന ദുആ ചെയ്തു കൊണ്ടിരുന്നു.

മുബല്ലിഗിനോട് അദ്ദേഹം ചോദിച്ചു:ഹുദൂറിന്റെ അനുഗ്രഹീത കരം മുത്തിയാൽ അതിനെക്കുറിച്ച് ഹുദൂർ മോശമായി കരുതുമോ? മുത്താൻ കഴിയുമെന്ന് അറിഞ്ഞപ്പോൾ അദ്ദേഹത്തിന് വളരെയധികം സന്തോഷമായി. മൂന്ന് പ്രാവശ്യം അദ്ദേഹം കൂടിക്കാഴ്ചാ സമയത്ത് ഹദൂറിന്റെ അനുഗ്രഹീത കൈകളിൽ മുത്തമിട്ടു.

ജൽസയുടെ ആദ്യ ദിവസം മുതൽ അദ്ദേഹം പറയാൻ തുടങ്ങി: 'ഞാൻ ഖലീഫയെ സ്നേഹിക്കുന്നു.' അത് നിരന്തരം അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നു. മുഴുലോകത്തും മുസ്‌ലിമീങ്ങൾക്ക് ഒരു ഖലീഫത്തുൽമുസ്‌ലിമീൻ ഉണ്ടായിരുന്നെങ്കിൽ മുസ്‌ലിമീങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമായിരുന്നു. കാരണം, ഖലീഫക്ക് മാത്രമെ നമുക്ക് നേരായതും ചൊവ്വായതുമായ വഴി കാണിക്കാൻ സാധിക്കുകയുള്ളു. കൂടിക്കാഴ്ചാ വേളയിലും അദ്ദേഹം തന്റെ ഈ വികാരം പ്രകടിപ്പിച്ചു. അദ്ദേഹം അന്യത്ര തന്റെ വികാരം പ്രകടിപ്പിച്ചു: ഇന്ന് സിറിയക്കാരുടെ അടുക്കൽ ഖലീഫ ഉണ്ടായിരുന്നെങ്കിൽ ഒരിക്കലും ഇത്തരത്തിലുള്ള സാഹചര്യങ്ങളുണ്ടാകുമായിരുന്നില്ല. എനിക്ക് ഈ കൂടിക്കാഴ്ച വളരെ വലിയൊരു കാര്യമാണ്. എന്റെ ജിവിതത്തിൽ ഇതൊരു ചരിത്രപരമായ സംഭവമാണ്.

അദ്ദേഹം മുബല്ലിഗിനോട് ചോദിച്ചു:ഖലീഫയുടെ തിരഞ്ഞെടുപ്പ് എങ്ങെനെയാണ്? മുബല്ലിഗ് ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനെ കുറിച്ച് വിശദീകരിച്ചു. തുടർന്ന് പറഞ്ഞു:ഖിലാഫത്തെ റാശിദായും തിരഞ്ഞെടുപ്പിലൂടെയാണ് സ്ഥാപിതമായത്. അല്ലാഹു തന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാർക്കുവേണ്ടി തന്റെ നീക്കത്തിലൂടെയും രഹസ്യമായ വെളിപാടിലൂടെയും ഐക്യം സൃഷ്ടിക്കുന്നു.

രഹസ്യമായ വെളിപാടിനെ കുറിച്ചും ദൈവിക നീക്കത്തെ കുറിച്ചും തനിക്ക് മനസ്സിലായില്ല എന്ന് അദ്ദേഹം പ്രതിവചിച്ചു. എന്നാൽ, വൈകുന്നേരമായപ്പോൾ അദ്ദേഹത്തിന്റെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു. അദ്ദേഹം സ്വയം പറയുന്നു: ഹുദൂർ അൻവർ ലജ്നയ്ക്കു വേണ്ടിയുള്ള പ്രഭാഷണം നിർ വഹിച്ച് ളുഹർ- അസ്വ്ർ നമസ്കാരം നിർവഹിക്കാൻവേണ്ടി വരികയായിരുന്നു. അദ്ദേഹത്തെ കാണുന്നതിനുവേണ്ടി ജനങ്ങൾ വരികളിൽ നിലയുറപ്പിച്ചു. ഞാനും ഹുദൂറിനെ കാണാൻ നിന്നു. എന്റയടുത്തുകൂടി ഹുദൂർ കടന്നുപോയപ്പോൾ എന്റെ കണ്ണുകൾ ഹുദൂറിൽ പതിഞ്ഞതും അനിയന്ത്രിതമായും മുന്നിശ്ചയമില്ലാതെയും എന്റെ കൈ ഹുദൂറിന് സലാം പറയാൻ അന്തരീക്ഷത്തിൽ ഉയർന്നു. ദൈവിക നീക്കത്തെ കുറിച്ചും രഹസ്യ വെളിപാടിനെ കുറിച്ചുമുള്ള എന്റെ പ്രശ്നം ഇങ്ങനെ പരിഹരിക്കപ്പെട്ടു. സാധാരണയായി ഞാനാർക്കെങ്കിലും സലാം പറയുമ്പോൾ കൈയുയർത്തി വീശി സലാം പറയാറില്ല; ഒബാമ തന്നെയാണെങ്കിലും ശരി. എന്നാൽ, ഹുദൂറിനെ ദർശിച്ചതും എന്നിലുണ്ടായത് ദൈവിക നീക്കമോ രഹസ്യ വെളിപാടോ ആകാം. ഇപ്രകാരം സംഭവിക്കുകയെന്നത് എന്റെ നിയന്ത്രണത്തിനതീതമായിരുന്നു.

വലിയൊരു പരിധിവരെ ഞാൻ അഹ്മദിയ്യത്തിനു വേണ്ടി സംസാരിക്കുന്ന ആളായി കഴിഞ്ഞു. ഇനി പൂർണതൃപ്തിയോടെ അഹ്മദിയ്യത്തിൽ പ്രവേശിക്കാനാഗ്രഹിക്കുന്നു. (തുടരും)


WWW.MTA.TV
Reaching The Corners Of The Earth

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
https://akhbarbadr.in/Malayalam
The Weekly BADR Qadian (Malayalam)


പേജ് 1 ൽ നിന്ന്

അവർ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു. അതേ! അല്ലാഹുവിൽനിന്നല്ലാത്തവൻ അവസാനം നശിച്ച് നാമാവശേഷ.മാകുന്നു. പക്ഷേ, അല്ലാഹു തന്റെ കൈകൊണ്ട് നട്ടവൻ ഒരാളുടേയും ശ്രമംകൊണ്ട് നശിക്കുകയില്ല. അവർ വെട്ടിക്കളയാനാഗ്രഹിക്കുന്നു, പക്ഷേ, അവർ വളരുന്നു. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് അല്ലാഹുവിന്റെ കൈകൾ അവനെ താങ്ങിപിടിക്കുന്നുവെന്നാണ്." *(മൽഫൂദാത്ത് വാള്യം 2, പേജ് 48 പതിപ്പ് 2018 ഖാദിയാൻ)*


ഹദീസുന്നബവി ﷺ
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവി ﷺ
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 05 December 2024 Issue-49

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ജർമൻ പര്യടനം

## വിവർത്തനം: അമീൻ മുഹമ്മദു മാത്ര

(ബദ്ർ വാള്യം 9 ലക്കം 48, പേജ് 11, കോളം 1–ൽനിന്ന് തുടർച്ച.....)

മാസിഡോണിയയിൽ ഇൻഫർമേഷൻ ആന്റ് ടെക്നോളജിയിലെ അവസാനവർഷ വിദ്യർഥിനി: ആദ്യമായാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നത്. ഇത്രയധികം വിശാലമായ സംവിധാനങ്ങളെന്നെ വളരെയധികം പ്രഭാവിതയാക്കി. ഞാൻ വളരെ വിസ്മയത്തിലായിരുന്നു. ഖലീഫത്തുൽ മസീഹുമായി ഞങ്ങൾ നടത്തിയ കൂടിക്കാഴ്ച ഒരു പുതിയതരം അനുഭവമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ വളരെ നല്ല നിലയിൽ മനസ്സിലാക്കുന്നതിന് ഈ കൂടിക്കാഴ്ച എന്നെ സഹായിച്ചു. ഒരുവിധ പ്രയാസവുമില്ലാതെ ഞങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും ഹുദൂർ മറുപടി നല്കി. ഈ കൂടിക്കാഴ്ച ഞങ്ങളെയെല്ലാവരേയും അമ്പരപ്പിച്ചു. ഇതിനുശേഷം ഞങ്ങളെല്ലാ സ്ത്രീകളും ഹുദൂറിന്റെ സഹധർമ്മിണിയുമായി കൂടിക്കാഴ്ച നടത്തി. ഇത്രയധികം തിരക്കുപിടിച്ച ഒരു വ്യക്തിയുടെ ഭാര്യ എന്ന നിലയിൽ സ്വജീവിതം എങ്ങനെ നയിക്കുന്നു എന്ന വിഷയത്തെ കുറിച്ച് ഞങ്ങൾ സംസാരിച്ചു. തിരക്കില്ലാത്ത സമയത്ത് ഹുദൂർ വീട്ടിൽ ഒരു സാധാരണ മനുഷ്യനാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. വിവാഹത്തെ കുറിച്ചും ഹുദൂറിന്റെ ഭാര്യ ഞങ്ങളോടു സംസാരിച്ചു. ഭർത്താവിനെ എങ്ങനെയാണ് തിരഞ്ഞെടുത്തത് എന്നതിനെ കുറിച്ച് ബീഗം സാഹിബ വിവരിച്ചു. ഞങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും തുറന്ന നിലയിൽ മറുപടി നല്കിയതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ ജൽസയിൽ വളരെ സംതൃപ്തയാണെന്ന് ഒടുവിൽ ഞാൻ പറയാനാഗ്രഹിക്കുന്നു. വളരെയധികം പുതിയ അനുഭവങ്ങൾ എനിക്കുണ്ടായി. വീണ്ടും ജൽസയുടെ ഭാഗമാകണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.

മാസിഡോണിയൻ സ്വദേശിയായ ഗോറൻ ജാൻ ചെവ്സ്കി എന്ന അതിഥി: ഇവിടെ ജൽസയിൽ ഞങ്ങൾക്ക് വളരെ സ്നേഹം ലഭിച്ചു. വളരെ ഉന്നത നിലയിലാണ് അഹ്മദിയ്യാ ജമാഅത്തുള്ളത്. ഹൃദയംഗമമായ നിലയിൽ ഞങ്ങൾക്കെല്ലാവർക്കും സ്നേഹം നല്കപ്പെട്ടു. കൂടിക്കാഴ്ചയിൽ ഖലീഫയോട് ഞങ്ങൾ കുറച്ച് ചോദ്യങ്ങൾ ചോദിച്ചു. വളരെ ചിന്തോദ്ദീപകവും യുക്തിനിർഭരവുമായ മറുപടികൾ എനിക്ക് ലഭിച്ചു. സ്നേഹത്തോടെ എല്ലാ മതങ്ങളേയും ഐക്യപ്പെടുത്താൻ ഹുദൂറിനോടു ഞാൻ അപേക്ഷിച്ചു. അഹ്മദിയ്യാ ജമാഅത്ത് മുമ്പേതന്നെ ഇതു സംബന്ധമായി വളരെയധികം കാര്യങ്ങൾ ചെയ്തു വരുന്നതായി ഖലീഫ എന്നോടു പറഞ്ഞു. ലണ്ടനിൽ നടന്ന മതപരമായ സമ്മേളനത്തെ കുറിച്ചും പറഞ്ഞു. വളരെ നല്ലതും സത്യസന്ധവുമായ സന്ദേശമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്നേഹത്തിലും ശാന്തിയിലും അധിഷ്ഠിതമായ സന്ദേശം. ജമാഅത്ത് അത് പൂർത്തിയാക്കുകയും ചെയ്യുന്നു. ഞങ്ങളുടെ മേൽ വളരെ ഉന്നതമായ പ്രഭാവമാണ് ജൽസയാകമാനം ഖലീഫയും ചെലുത്തിയത്. ജീവിതത്തിന്റെ നന്മകൾ എന്തൊക്കെയാണെന്ന് മനുഷ്യന്ന് ഇതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. ഇവർ എത്ര നല്ല ആതിഥേയരാണെന്ന് ഞാൻ കണ്ടു. എത്രമാത്രം സമാധാനപൂരിതമായ സമൂഹമാണ് ഇവർ. ഒരു പരിശുദ്ധ വ്യക്തിയുടെ സാന്നിധ്യമാണ് ഖലീഫയുടെ വ്യക്തിത്വം. അദ്ദേഹത്തിന്റെ വദനത്തിൽനിന്ന് പുറപ്പെടുന്നതെല്ലാം യുക്തിനിർഭരവും സത്യത്തിലധിഷ്ഠിതവുമാണ്.

കൂടിക്കാഴ്ചക്ക് ഒടുവിൽ ഒരു മാസിഡോണിയൻ സംഘം ജൽസയുടെ അവസാന ദിവസം ഹുദൂറിന്റെ പ്രഭാഷണത്തിനുശേഷം അവതരിപ്പിച്ച മാസിഡോണിയൻ ഭാഷയിലെ കവിത പൂർണ്ണമായും ആലപിക്കാൻ കഴിഞ്ഞില്ല എന്ന വിഷമം പ്രകടിപ്പിച്ചു. അത് രണ്ടാമത് വീണ്ടും ആലപിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ട് ഹുദൂറിനോട് അനുവാദം ചോദിച്ചു. ഹുദൂർ വാത്സല്യത്തോടെ അനുവാദം നല്കി. വളരെ സ്വരമാധുരിയോടെ മാസിഡോണിയൻ കവിത അവർ ആലപിച്ചു.

12.35 - വരെ ഈ കൂടിക്കാഴ്ച തുടർന്നു. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനകൾ നല്കി. കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. പ്രിയപ്പെട്ട ഇമാമുമായി എല്ലാവരും ഫോട്ടോ എടുത്തു. എല്ലാവരും ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു.

ലിത്വാനിയ, എസ്റ്റോണിയ സംഘം ഹുദൂറിനെ കാണുന്നു:

ലിത്വാനിയായിൽനിന്ന് മൂന്നു യൂണിവേഴ്സിറ്റിയിൽ പഠിച്ചുവരുന്ന വിദ്യാർഥിനികളുൾപ്പെടെ ഇരു രാജ്യത്തു നിന്നുമുള്ള സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ഒരു വിദ്യാർഥിനി ഇന്ത്യൻ സംസ്കാരത്തെ കുറിച്ച് ഗവേഷണ പഠനം നടത്തുകയാണ്. ചൈന സംസ്കാരത്തെ കുറിച്ച് മറ്റൊരു വിദ്യാർഥിനി പഠനം നടത്തി വരുന്നു. ഇവർ ഹുദൂറിനോട് പറഞ്ഞു: ഞങ്ങൾ പുരുഷന്മാരുടെ ഭാഗത്തും സ്ത്രീകളുടെ ഭാഗത്തും ജൽസാ പരിപാടിയിൽ പങ്കെടുത്തു. ഇരുഭാഗത്തും അന്തരീക്ഷം സമാധാന പൂരിതവും ശാന്തനിർഭരവുമായിരുന്നു. ആയിരക്കണക്കിനാളുകൾ പങ്കെടുക്കുന്ന ഈ കൂട്ടായ്മ ഞങ്ങളെ വിസ്മയിപ്പിച്ചു. ഒരു സംഘർഷവുമില്ല, എല്ലാ ഭാഗത്തും സ്നേഹം മാത്രമാണുള്ളത്.

ഹുദൂർ ഒരു വിദ്യാർഥിനിയോട്: ഡിഗ്രി കരസ്ഥമാക്കിയശേഷം അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചും ഗവേഷണം നടത്തുക. ഇന്ത്യയിൽ പോകുന്നെങ്കിൽ ഖാദിയാനിലും പോവുക. അവിടെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ശിലാന്യാസം നടന്നത്.

ഒരു വിദ്യാർഥിനി: ഖലീഫത്തുൽ മസീഹിന്റെ തിരക്ക് അതിന്റെ ഉച്ചിയിലാണ്. അങ്ങ് സ്വന്തം പ്രവർത്തനങ്ങൾ എങ്ങനെയാണ് നിയന്ത്രിക്കുന്നത്?

ഹുദൂർ അൻവർ: ഞാൻ ദിവസവും 700 മുതൽ 800 വരെ കത്തുകൾ വായിക്കുന്നു. വളരെയധികം കത്തുകൾ എന്റെ സ്റ്റാഫിന് സംക്ഷിപ്തം തയ്യാറക്കാൻ നല്കുന്നു. തുടർന്ന് ഈ സംക്ഷിപ്ത ഭാഗം വായിക്കുന്നു. സ്വന്തം ഒപ്പോടുകൂടി ദിവസവും 700 മുതൽ 800 വരെ കത്തുകൾക്ക് മറുപടി നല്കി വരുന്നു. ഈ പ്രവർത്തനങ്ങളെല്ലാം എങ്ങനെ വരുതിയിലാകുന്നു എന്നെനിക്ക് പറയാൻ സാധിക്കില്ല. അല്ലാഹു തന്നെയാണ് സഹായിക്കുന്നത്. അല്ലാഹു തന്നെയാണ് എല്ലാം ചെയ്യുന്നത്. വാക്കുകളെഴുതുന്ന കാര്യമാണെങ്കിൽ ദിവസവും 3500 മുതൽ നാലായിരംവരെ വാക്കുകൾ ഞാനെഴുതാറുണ്ട്.

ഒരു വിദ്യാർഥി: ഇസ്ലാമിനെ സംബന്ധിച്ച് വളരെ കുറച്ചുമാത്രം അറിയുന്ന അല്ലെങ്കിൽ നിഷേധാത്മക വിചാരങ്ങൾവെച്ചു പുലർത്തുന്ന പാശ്ചാത്യ ചിന്തകർക്ക് വളരെ പ്രയോജനകരമാണ് ഈ ജൽസ. കാരണം, ഈ ജൽസ അവരുടെ പരിമിതചിന്തകൾക്ക് വിശാലത നല്കുന്നു. വളരെയധികം ഗുണപ്രദമായ വിചാരത്തിന്റെ ഉടമകളാണ് നിങ്ങൾ. ഏതു സമയത്തും മുഖത്ത് മന്ദഹാസവും പുഞ്ചിരിയും നിലനിറുത്തുന്നു. എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. കൂടിക്കാഴ്ചയുടെ സമയത്തും വളരെയധികം സമാധാന നിർഭരമായ അന്തരീക്ഷം നിലനിന്നിരുന്നു. എനിക്ക് ലഭിച്ച സൗഭാഗ്യമായിരുന്നു ഖലീഫത്തുൽ മസീഹുമായുള്ള കൂടിക്കാഴ്ച. കേവലം സ്വന്തം ജമാഅത്തുമായി മാത്രമല്ല, പ്രത്യുത, നിങ്ങൾ ഇതര മതസ്ഥരുമായും ജനതകളുമായും ആദരവോടെ ബന്ധം നിലനിറുത്തുന്നു.

ഒരു വിദ്യാർഥിനി:വളരെയധികം സമാധാനഭരിതവും പൊറുമയുടേയും സഹനത്തിന്റേയും ഈ അന്തരീക്ഷം ഞങ്ങളെ വളരെ പ്രഭാവിതരാക്കി. നിങ്ങളുടെ ഇടയിൽ കഴിഞ്ഞുകൊണ്ട് ഇസ്ലാമിന്റെ യഥാർഥമായ മുഖം ദർശിച്ചു. എല്ലാവരും വളരെ സ്നേഹത്തോടെ നിങ്ങളേയും ജമാഅത്തിനേയും കുറിച്ച് പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. വളരെയധികം ആളുകളേയും ഏറ്റവും സുന്ദരമായ സംവിധാനത്തേയും കാണാൻ കഴിഞ്ഞു. ഒരു തരത്തിലുമുള്ള ദുർഭാവനയോ തർക്കവിതർക്കങ്ങളോ ഉണ്ടായിട്ടില്ല. ആളുകൾ വളരെയധികം അതിഥി സൽക്കാര പ്രിയരായിരുന്നു. കാലത്തിന്റെ ഖലീഫ

ശേഷം പേജ് 10 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin